**കേരള സർക്കാർ**

## പതിമൂന്നാം പഞ്ചവത്സര പദ്ധതി രൂപീകരണം
## (2017-2022)

# വർക്കിംഗ് ഗ്രൂപ്പ്
# കലയും സംസ്കാരവും

# റിപ്പോർട്ട്

സാമൂഹ്യ സേവന വിഭാഗം
സംസ്ഥാന ആസൂത്രണ ബോർഡ്
തിരുവനന്തപുരം

മാർച്ച് 2017

## മുഖവുര

കേരളത്തിലെ പഞ്ചവത്സര പദ്ധതികൾ ജനകീയ പങ്കാളിത്തത്തോടെയുള്ള ഒരു ഉദ്യമമാണ്. പദ്ധതി രൂപീകരണത്തിനുമുന്പ്ര കേരള സംസ്ഥാന ആസൂത്രണ ബോര്ഡ്ാ 2016 സെപ്റ്റംബർ അവസാനത്തോടെ, വിപുലമായ രീതിയിലുള്ള കൂടിയാലോചനകൾ ആരംഭിച്ചു. അക്കാദമിക്ക് വിദഗ്ദർ, ഉദ്യോഗസ്ഥർ, സാമൂഹ്യ രാഷ്ട്രീയ പ്രവര്ത്തരകർ, മറ്റ് വിദഗ്ദർ എന്നിവരടങ്ങിയ 700 ൽ പരം അംഗങ്ങളുള്ള 43 പ്രവർത്തക സമിതികൾ ആസൂത്രണ ബോര്ഡ്ത രൂപീകരിച്ചു. എല്ലാ റിപ്പോര്ട്ടുകളും കേരള സര്ക്കാ രിന്റെ ഔദ്യോഗിക നിലപാട് പ്രതിനിധാനം ചെയ്യുന്നില്ലെങ്കിലും അതിന്റെ ഉള്ളടക്കം പതിമൂന്നാം പഞ്ചവല്സംര പദ്ധതി രൂപവത്ക്കരിക്കുന്നതിന് സഹായകമാകും.

ഈ രേഖ കല, സംസ്കാരം എന്നതിനെക്കുറിച്ചുള്ള പ്രവര്ത്തപക സമിതിയുടെ റിപ്പോര്ട്ടാ്ണ്. ഈ പ്രവർത്തക സമിതിയുടെ അധ്യക്ഷർ പ്രൊഫസർ കെ. സച്ചിദാനന്ദനും ശ്രീമതി റാണി ജോർജ്ജ് ഐ.എ.എസ് ഉം ആണ്. ആസൂത്രണ ബോര്ഡ്, അംഗമായ ഡോ. കെ. എൻ. ഹരിലാൽ പ്രവര്ത്ത്ക സമിതിയുടെ പ്രവര്ത്ത നങ്ങൾ ഏകോപിപ്പിച്ചു. ബന്ധപ്പെട്ട ഡിവിഷന്റെ ചീഫ് ശ്രീമതി ഷൈല ഉണ്ണിത്താൻ ആകുന്നു.

മെമ്പർ സെക്രട്ടറി

# അവതാരിക

എഴുത്തുകാരനും അക്കാദമിക്കും മുൻ കേന്ദ്ര സാഹിത്യ അക്കാദമി ഭരണത്തലവനും ആയ പ്രൊഫസർ കെ. സച്ചിദാനന്ദൻ, സാംസ്കാരിക കാര്യ വകുപ്പ് കാര്യദർശി ശ്രീമതി റാണി ജോർജ് എന്നിവർ സഹാധ്യക്ഷരായും വിവിധമേഖലകളിലെ വിദഗ്ധർ അംഗങ്ങൾ ആയുമുള്ള കർമ്മസമിതി മൂന്നു തവണ തിരുവനന്തപുരത്ത് ആസൂത്രണ ബോർഡ് ആസ്ഥാനത്ത് കൂടി ചർച്ച ചെയ്തു രൂപീകരിച്ചതാണ് പൊതു സമീപനങ്ങളും പ്രായോഗിക നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്ന ഈ കർമ്മ പരിപാടി.

ആധുനികവും മതേതരവും ജനാധിപത്യപരവുമായ ഒരു സാംസ്കാരികാന്തരീക്ഷം സ്വരൂപിക്കുക എന്നതാണ് സാംസ്കാരികനയത്തിന്റെ അടിസ്ഥാനലക്ഷ്യം. ഇത് കേരളീയ നവോത്ഥാന പ്രസ്ഥാനത്തിന്റെ തുടർച്ചയായിരിക്കെത്തന്നെ, സാഹചര്യങ്ങളോടുള്ള, പ്രസക്തവും സാർത്ഥകവും വിഭാഗീയമല്ലാത്ത വിധത്തിൽ പുരോഗമനപരവുമായ, ഒരു പ്രതികരണം കൂടിയാണ്. ഇവിടെ നിർമ്മിക്കപ്പെടേണ്ടത് കൊളോണിയൽ ആധുനികതയുടെ ഒരു അനുകരണമോ അനുബന്ധമോ അല്ല, മറിച്ച് നമ്മുടെ സംസ്കാരത്തിലെ സർഗാത്മക അംശങ്ങളായ മതസൌഹാർദ്ദം, സാമൂഹ്യ സമത്വചിന്ത, കീഴാള വിമോചനം, ഓജസ്സുറ്റ കലാപാരമ്പര്യങ്ങൾ എന്നിവ സ്വാംശീകരിക്കുന്നതായിരിക്കണം. അത് ജാതിചിന്ത, അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ എന്നീ പ്രതിലോമകരമായ പ്രവണതകളെ മറികടക്കുന്നതുമായ ഒരു ആധുനികത ആകണം. ഒരു ഭാഗത്ത് ആഗോളീകരണം നമ്മുടെ സാംസ്കാരികസമ്പത്തും നാനാത്വവും നശിപ്പിക്കുകയും മറ്റൊരു ഭാഗത്ത് നവലിബറലിസം തൊട്ടതിനെയെല്ലാം വില്പനച്ചരക്കാക്കുകയും, മത മൌലികവാദങ്ങൾ നവോത്ഥാനത്തിന്റെ ആത്മീയ ഹ്യൂമനിസത്തെ അധികാരം മാത്രം ലക്ഷ്യമിടുന്ന വർഗീയതയായി മാറ്റി ഈ രണ്ടു ശക്തികളോടും കൂട്ടു ചേർന്ന് നമ്മുടെ സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും എല്ലാ നന്മകളും ചോർത്തിക്കളഞ്ഞു ചരിത്രത്തെ വികൃതവത്കരിക്കുകയും ചെയ്യുന്ന ഒരു കാലത്ത് ഇവയെ ഒന്നിച്ചെതിരിടുന്ന ക്രിയാത്മകമായ ഒരു സംസ്കാരിക സമീപനം വികസിപ്പിക്കുന്നത് മതേതര ജനാധിപത്യത്തിൽ വിശ്വസിക്കുന്നവരുടെ ആദ്യകർത്തവ്യങ്ങളിൽ ഒന്നാണ്. ഇതിനു ജനാധിപത്യത്തിൽ ജനങ്ങളുടെ മുൻകൈ ശക്തമാക്കണം, ജനാധിപത്യം എന്നാൽ അന്ധമായ ഭൂരിപക്ഷവാദം അല്ലെന്നും അതിന്റെ കാതൽ എത്രത്തോളം അധികാരം ജനങ്ങൾക്ക് ഉണ്ട് എന്നതും, സ്ത്രീകളും മത-വംശീയ- ലൈംഗിക ന്യൂനപക്ഷങ്ങളും, കൈത്തൊഴിൽക്കാരും സംഘടിതരും അസംഘടിതരുമായ തൊഴിലാളികളും ദളിതരും ആദിവാസികളും ഉൾപ്പെട്ട ദുർബ്ബലവിഭാഗങ്ങൾ എത്ര മാത്രം ശാക്തീകരിക്കപ്പെടുന്നുണ്ട് എന്നതും ധൈഷണിക-സാംസ്കാരിക സ്വാതന്ത്ര്യം എത്ര കണ്ടു പ്രയോഗക്ഷമമായിരിക്കുന്നു എന്നതും ആണെന്നു മനസ്സിലാക്കിയുള്ള സാംസ്കാരികപ്രവർത്തനമാണ് ഇന്ന് ഉണ്ടാകേണ്ടത്. ഇതിനു ഗുണനിലവാരത്തിന്റെ ഉയർച്ചക്കും ജനകീയവത്കരണത്തിനും തുല്യ പ്രാധാന്യം നൽകണം; കലയുടെ ആഹ്ലാദദായകവും അധ്യയനപരവുമായ പങ്കിന് ഒപ്പം പ്രാമുഖ്യം നൽകണം, ജനകീയകലകളെ ശക്തവും നവീനവുമാക്കണം, പാരമ്പര്യകലകളെ കാഴ്ചബംഗ്ലാവുകളിൽ നിന്ന് ജീവിതത്തിന്റെ വെയിലിലേക്ക് പിടിച്ചിറക്കണം, തനിമാവാദത്തിന്റെ ആന്ധ്യങ്ങൾ ഇല്ലാതെ തന്നെ നമ്മുടെ പലമ കലർന്ന തനിമയെ, നമ്മുടെ മാതൃഭാഷകളെയും പ്രാദേശികസംസ്കാരങ്ങളെയും സമകാലീനമായി വികസിപ്പിക്കണം .ഒരു കാലത്ത് കേരളത്തെ സാംസ്കാരിക ഇന്ത്യയുടെ മുൻനിരയിൽ കൊണ്ടുവന്ന സാഹചര്യങ്ങൾ– വായനശാലകൾ, കലാസമിതികൾ, പ്രസിദ്ധീകരണങ്ങൾ, ബഹുജന ഭാഷാ-സാംസ്കാരിക പ്രവർത്തനങ്ങൾ, പുരോഗമനസന്ദേശം ഉൾക്കൊള്ളുന്ന ജനകീയ കലാപ്രയോഗങ്ങൾ, സജീവമായ ചർച്ചകൾ, അയല്പക്കക്കൂട്ടായ്മകൾ – പുതിയ രീതിയിൽ, നവമാധ്യമ ങ്ങൾ കൂടി പ്രയോജനപ്പെടുത്തി, പുനരാവിഷ്കരിക്കണം. വർഗീയസ്വത്വബോധങ്ങൾക്കും കമ്പോളത്തിന്റെ മത്സരോന്മുഖസ്വാർഥതയ്ക്കും എതിരായ ബോധവത്കരണം വ്യാപകമായി എല്ലാ മാധ്യമങ്ങളും പ്രയോജനപ്പെടുത്തി നടത്തണം. അവിടെയെല്ലാം ജനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തുകയുംവേണം. യുവതലമുറയുടെ പങ്കാളിത്തത്തിന് പ്രത്യേകം ഊന്നൽ നൽകണം. ഇവയെല്ലാം മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു പ്രവർത്തനരേഖയാണ് ഇവിടെ രൂപപ്പെടുത്താൻ ശ്രമിക്കുന്നത്.

| | |
|---|---|
| ഒപ്പ്/- | ഒപ്പ്/- |
| **പ്രൊഫ. കെ. സച്ചിദാനന്ദൻ** | **ശ്രീമതി റാണി ജോർജ്ജ് ഐ.എ.എസ്** |
| കോ ചെയർ പേഴ്സൺ | കോ ചെയർ പേഴ്സൺ |
| വർക്കിംഗ് ഗ്രൂപ്പ് | വർക്കിംഗ് ഗ്രൂപ്പ് |

**തിരുവനന്തപുരം**
5/1/2017

## ഉള്ളടക്കം


അധ്യായം 1 കലയും സംസ്കാരവും പന്ത്രണ്ടാം പദ്ധതിയിൽ – ഒരു വിലയിരുത്തൽ ....... 1
1.2 പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ സമീപനം....... 1
1.3 പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിക്കാലത്ത് ആരംഭിച്ച സുപ്രധാന പദ്ധതികൾ ....... 2
പുരാവസ്തു/പൈതൃക മ്യൂസിയം ജില്ലാതലത്തിൽ ....... 2
നാടകത്തിന്റെ പുനരുജ്ജീവനവും സ്കൂൾ കുട്ടികൾക്കായുള്ള തീയേറ്റർ ശില്പശാലയും ....... 2
കേരളത്തിലെ നാശോന്മുഖമാകുന്ന കലാരൂപങ്ങളുടെ പുനരുജ്ജീവനം....... 2
കേരള സംസ്കാരത്തിന്റെ വ്യാപനം ....... 2
പഴയ മലയാള ചലച്ചിത്രങ്ങളുടെ നെഗറ്റീവുകളുടെ ഡിജിറ്റ ലൈസേഷനും സംരക്ഷണവും....... 2
1.4 പന്ത്രണ്ടാം പദ്ധതിക്കാലത്ത് പ്രധാന വകുപ്പുകളുടെ പ്രവർത്തനങ്ങൾ ....... 2
പുരാവസ്തു വകുപ്പ്....... 2
കാഴ്ചബംഗ്ലാവ് മൃഗശാലാ വകുപ്പ്....... 3
പുരാരേഖാ വകുപ്പ്....... 3
സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ....... 3
അധ്യായം 2 കലയും സംസ്കാരവും – പതിമൂന്നാം പദ്ധതിയുടെ സമീപനം ....... 4
2.1 ആമുഖം....... 4
2.2 സാംസ്കാരിക പൊതുഇടങ്ങൾ....... 5
2.3 പാരമ്പര്യ സംരക്ഷണം....... 5
2.3.1 നിലനിൽക്കുന്ന മ്യൂസിയങ്ങളുടെയും മറ്റും പോഷണം....... 5
2.3.2 പുതിയ മ്യൂസിയങ്ങൾ....... 5
2.3.2 എഴുത്തുകാരുടെയും കലാകാരന്മാരുടെയും സ്മാരകങ്ങളുടെയും പട്ടിക തയ്യാറാക്കൽ....... 6
2.3.4 ആർട്ട് ഗാലറികൾ ....... 6
2.3.5 സംരക്ഷിത ചരിത്രസ്മാരകങ്ങളുടെ പരിപാലനം ....... 6
2.3.6 ജംഗമപാരമ്പര്യത്തിന്റെ പ്രോത്സാഹനം, പരിശീലനം, ശിൽപ്പശാല മുതലായവ ....... 7
2.3.7 ചരിത്ര രേഖകളുടെ ഡിജിറ്റലൈസേഷൻ....... 7
2.3.8 കലാകാരന്മാർക്കും കരകൗശല വിദഗ്ധർക്കും ജീവനോപാധി....... 9
2.3.9 സാംസ്കാരിക പൈതൃകഗ്രാമങ്ങൾ....... 9
2.4 ഉത്സവങ്ങൾ....... 10
2.5 ഭാഷ ....... 10
2.6 സാംസ്കാരിക വകുപ്പിന്റെയും ഡയറക്ടറേറ്റിന്റെയും ശാക്തീകരണം....... 11
2.7 ബോധവത്കരണം....... 12
2.8 പെൻഷൻ പദ്ധതി....... 12
ഉപസംഹാരം....... 12
അധ്യായം 3 നിർദ്ദേശങ്ങൾ, കർമ്മ പരിപാടികൾ (സ്കീമുകൾ)....... 13
നിർദ്ദേശങ്ങൾ ....... 13
അധ്യായം 4 അനുബന്ധം....... 15
സാംസ്കാരിക സ്ഥാപനങ്ങൾ....... 15
സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം ....... 15
മ്യൂസിയം മൃഗശാലാ വകുപ്പ്, തിരുവനന്തപുരം....... 15
പുരാരേഖാ വകുപ്പ്....... 15
പുരാവസ്തു വകുപ്പ് ....... 16
ബജറ്റ് വിഹിതം മുഖേന പദ്ധതിയിനത്തിൽ സർക്കാർ സഹായം നൽകുന്ന സ്ഥാപനങ്ങൾ ....... 16
ഗുരു ഗോപിനാഥ് നടനഗ്രാമം, തിരുവനന്തപുരം....... 16
മലയാളം മിഷൻ, തിരുവനന്തപുരം ....... 16
വാസ്തുവിദ്യാ ഗുരുകുലം, ആറന്മുള....... 17
കേരള ഫോക് ലോർ അക്കാദമി, കണ്ണൂർ ....... 17
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് , തിരുവനന്തപുരം ....... 17
കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം....... 17
ജവഹർ ബാലഭവൻ, തിരുവനന്തപുരം....... 18

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം ........ 18
കേരള കലാമണ്ഡലം, തൃശ്ശൂർ ........ 18
കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ ........ 19
ഭാരത് ഭവൻ, തിരുവനന്തപുരം ........ 19
ലളിതകലാ അക്കാദമി, തൃശ്ശൂർ ........ 19
കേരള സംഗീത നാടക അക്കാദമി, തൃശ്ശൂർ ........ 19
മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകല അക്കാദമി, കൊണ്ടോട്ടി, മലപ്പുറം ........ 20
കൊങ്കണി സാഹിത്യ അക്കാദമി, എറണാകുളം ........ 20
വൈലോപ്പിള്ളി സംസ്കൃതി ഭവൻ, തിരുവനന്തപുരം ........ 20
മാർഗ്ഗി, തിരുവനന്തപുരം ........ 20
കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, തിരുവനന്തപുരം ........ 20
കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ, തോന്നയ്ക്കൽ, തിരുവനന്തപുരം ........ 21
കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി, തിരുവനന്തപുരം ........ 21
സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്, തൃപ്പൂണിത്തുറ ........ 21
കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, തിരുവനന്തപുരം ........ 21
അനുബന്ധം 1 ........ 23

## അധ്യായം 1
## കലയും സംസ്കാരവും പന്ത്രണ്ടാം പദ്ധതിയിൽ – ഒരു വിലയിരുത്തൽ

1. വളരെ സമ്പന്നമായൊരു കലാ സാംസ്കാരിക പാരമ്പര്യം കേരളത്തിനുണ്ട്. കലാരൂപങ്ങളുടെ പരിപോഷണത്തിനും പ്രോൽസാഹനത്തിനും മാത്രമായി ധാരാളം സ്ഥാപനങ്ങൾ നിലകൊള്ളുന്നുണ്ട്. സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട വകുപ്പുകളാണ് പുരാവസ്തു വകുപ്പ്, പുരാരേഖ വകുപ്പ്, മൃഗശാലാ കാഴ്ചബംഗ്ലാവ് വകുപ്പ്, സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ്, സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മുതലായവ.

**1.1 പന്ത്രണ്ടാം പദ്ധതിയിൽ വകുപ്പ് തിരിച്ചുള്ള വിഹിതവും ചെലവായ തുകയും (2012-13 മുതൽ 2015-16വരെ)**

(രൂപ ലക്ഷത്തിൽ)

| വകുപ്പിന്റെ പേര് | വാർഷിക പദ്ധതി 2012-13 | | വാർഷിക പദ്ധതി 2013-14 | | വാർഷിക പദ്ധതി 2014-15 | | വാർഷിക പദ്ധതി 2015-16 | | വാർഷിക പദ്ധതി 2016-17 | ചെലവ് ശതമാനത്തിൽ 2012-13 മുതൽ 2015-16 വരെ |
|---|---|---|---|---|---|---|---|---|---|---|
| | വിഹിതം | ചെലവ് | വിഹിതം | ചെലവ് | വിഹിതം | ചെലവ് | വിഹിതം | ചെലവ് | വിഹിതം | |
| പുരാവസ്തു വകുപ്പ് | 2050 | 1151.96 | 1460 | 474.61 | 1500 | 924.5 | 1600 | 895.7 | 1820 | 52.14 |
| കാഴ്ച ബംഗ്ലാവ് മൃഗശാല വകുപ്പ് | 1100 | 1059.7 | 1300 | 1172.7 | 1450 | 1005.4 | 1625 | 1504.2 | 1835 | 86.61 |
| പുരാരേഖ വകുപ്പ് | 145 | 135.05 | 200 | 198.7 | 240 | 230.67 | 300 | 254.44 | 345 | 92.52 |
| ചലച്ചിത്ര വികസന കോർപ്പറേഷൻ | 275 | 275 | 500 | 500 | 400 | 400 | 500 | 500 | 400 | 100 |
| സാംസ്കാരിക കാര്യ വകുപ്പ് | 2930 | 3661.29 | 3540 | 3491 | 4110 | 3276.43 | 4475 | 3954.66 | 4722 | 95.53 |
| **ആകെ** | **6500** | **6283** | **7000** | **5837.01** | **7700** | **5837** | **8500** | **7109** | **9122** | **84.40** |

2. പതിനൊന്നാം പഞ്ചവൽസര പദ്ധതിയിൽ (2007-2012) കലാസാംസ്കാരിക മേഖലയ്ക്ക് 13938 ലക്ഷം രൂപ വകയിരുത്തിയതിൽ14795.44 ലക്ഷം രൂപ ചെലവഴിച്ചു. അത് മൊത്തം വിഹിതത്തിന്റെ 106 ശതമാനമായിരുന്നു. പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി (2007-2012)യിൽ 38822 ലക്ഷം രൂപയാണ് വകയിരുത്തിയത്. പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ നാല് വർഷങ്ങളിൽ 29700 ലക്ഷം രൂപാ വകയിരുത്തുകയും 25067.46 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. അത് ആകെ വിഹിതത്തിന്റെ 84.40 ശതമാനമായിരുന്നു.

### 1.2 പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ സമീപനം

3. പുരാവസ്തു പൈതൃക സംരക്ഷണത്തിനും സംരക്ഷിത സ്ഥാപനങ്ങളുടെയും മ്യൂസിയങ്ങളുടെയും വികസനത്തിനും ഒരു സമഗ്ര പദ്ധതി നടപ്പിലാക്കുക, പുരാതന രേഖകൾ കണ്ടെത്തുകയും അവയെ ശാസ്ത്രീയ സംരക്ഷണത്തിലൂടെ നിലനിർത്തുകയും ചെയ്യുക, അമൂല്യമായ കയ്യെഴുത്ത് പ്രതികൾ, ചരിത്രരേഖകൾ എന്നിവയെ സമയബന്ധിതമായി ഡിജിറ്റലൈസ് ചെയ്ത് കാലാതിവർത്തികളായി സംരക്ഷിക്കുക, നിലവിലുള്ള ജീവനക്കാരെ പുനർവിന്യസിച്ച് മ്യൂസിയങ്ങൾ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ എന്നിവയുടെ നിലമെച്ചപ്പെടുത്തുകയും സംരക്ഷിക്കുകയും ചെയ്യുക, ഗ്യാലറികളുടെ ആധുനീകരണം, ഡിജിറ്റൽ ഡോക്യുമെന്റേഷൻ എന്നിവയിലൂടെ സംരക്ഷിത സ്മാരകങ്ങളെ ശാക്തീരിക്കൽ മുതലായവയ്ക്കാണ് പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ സമീപനരേഖ ഊന്നൽ നല്കിയത്. എന്നാൽ പദ്ധതി അടങ്കലിൽ ആവശ്യമായ വർധനവ് ഉണ്ടാവാത്തതുകൊണ്ടും ,

അനുവദിച്ച  പണം തന്നെ പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാത്തതുകൊണ്ടും , പ്രഖ്യാപിക്കപ്പെട്ട ആശയങ്ങളെ വേണ്ട രീതിയിൽ പ്രോജക്റ്റുകൾ ആക്കിമാറ്റാൻ സാധിക്കാത്തത് കൊണ്ടും ലക്ഷ്യങ്ങൾ നേടാൻ കഴിഞ്ഞില്ല .

## 1.3 പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിക്കാലത്ത് ആരംഭിച്ച സുപ്രധാന പദ്ധതികൾ

### പുരാവസ്തു/പൈതൃക മ്യൂസിയം ജില്ലാതലത്തിൽ

4. ഓരോ ജില്ലയുടെയും ചരിത്ര പ്രാധാന്യം അനുസരിച്ചുള്ള പുരാവസ്തു/പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തത്.  ഈ പദ്ധതിയിൽ 8 ജില്ലകളിൽ ജില്ലാ മ്യൂസിയങ്ങൾ സ്ഥാപിക്കുന്ന ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

### നാടകത്തിന്റെ പുനരുജ്ജീവനവും സ്കൂൾ കുട്ടികൾക്കായുള്ള തീയേറ്റർ ശില്പശാലയും

5. നാടകങ്ങളെ പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷത്തോടെ നാടകങ്ങൾക്ക് സ്ഥിരം വേദിയൊരുക്കുവാൻ പദ്ധതി വിഭാവനം ചെയ്യുന്നു.  ഒന്നാം ഘട്ടമായി തിരുവനന്തപുരം, കൊച്ചി,കോഴിക്കോട് എന്നീ ജില്ലകളിൽ വർഷം മുഴുവൻ നാടകാവതരണവും അതാത് പ്രദേശത്തെ സ്കൂൾ കുട്ടികൾക്ക് നാടക ശില്പശാലകളും സംഘടിപ്പിച്ചു. സംഗീത നാടക അക്കാഡമിയാണ് പദ്ധതി നടപ്പിലാക്കിയത്.

### കേരളത്തിലെ നാശോന്മുഖമാകുന്ന കലാരൂപങ്ങളുടെ പുനരുജ്ജീവനം

6. കേരളത്തിന്റെ സാമൂഹിക ജീവിതത്തിൽ  ഒരു കാലത്ത് വളരെ സ്വാധീനം ചെലുത്തിയ കലാരൂപങ്ങൾ ഇന്ന് അന്യം നിന്നുപോയിട്ടുണ്ട്.  അത്തരം കലാരൂപങ്ങളെയും കലാകാരന്മാരെയും കണ്ടെത്തി അവർക്ക് പ്രമുഖ പട്ടണങ്ങളിലും  സിറ്റികളിലും സ്ഥിരം വേദിയൊരുക്കി അവയെ സംരക്ഷിക്കുവാൻ പ്രസ്തുത പദ്ധതി ലക്ഷ്യമിട്ടിരുന്നു.  ഫോക്ക് ലോർ അക്കാഡമിയുമായി സഹകരിച്ച് സംഗീത നാടക അക്കാഡമിയാണ് ഇതു  നടപ്പിലാക്കിയത്.

### കേരള സംസ്കാരത്തിന്റെ വ്യാപനം

7. കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യത്തെക്കുറിച്ചുള്ള അവബോധത്തിനും ശാക്തീകരണത്തിനും പദ്ധതി വിഭാവനം ചെയ്യുന്നു.  പദ്ധതിയുടെ ആദ്യപടി എന്നവണ്ണം കേരള സംസ്കാരത്തിന്റെ വിവിധ വശങ്ങളെ സ്പർശിക്കുന്ന ഒരു വെബ്സൈറ്റ് സാംസ്കാരിക വകുപ്പ് ആരംഭിച്ചു. ഇന്ത്യക്കകത്തും പുറത്തും കേരള സംസ്കാരം വ്യാപിപ്പിക്കുന്നതിന് ഈ വെബ്സൈറ്റ് സഹായകരമാണ്.

### പഴയ മലയാള ചലച്ചിത്രങ്ങളുടെ നെഗറ്റീവുകളുടെ ഡിജിറ്റ ലൈസേഷനും സംരക്ഷണവും

8. ചിത്രാഞ്ജലി സ്റ്റുഡിയോയിൽ ലഭ്യമായ  സ്ഥലത്ത് പഴയ മലയാള ചലച്ചിത്രങ്ങളുടെ ശാസ്ത്രീയ സംരക്ഷണം, ഡിജിറ്റലൈസേഷൻ, ഗ്രന്ഥപുര എന്നിവയ്ക്ക് പദ്ധതി ലക്ഷ്യമിട്ടിരുന്നു. എന്നാൽ പ്രസ്തുത പദ്ധതി ലക്ഷ്യം കണ്ടില്ല.

## 1.4 പന്ത്രണ്ടാം പദ്ധതിക്കാലത്ത് പ്രധാന വകുപ്പുകളുടെ പ്രവർത്തനങ്ങൾ

### പുരാവസ്തു വകുപ്പ്

9. പുരാവസ്തു വകുപ്പിന്റെ ജില്ലാ പൈതൃക മ്യൂസിയങ്ങളുടെ നിർമ്മാണ ജോലികൾ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.  ഇടുക്കി, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ മ്യൂസിയം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പത്മനാഭപുരം കൊട്ടാരം, തലശ്ശേരികോട്ട, ചന്ദ്രഗിരികോട്ട, കോയിക്കൽ കൊട്ടാരം, ശക്തൻ തമ്പുരാൻ കൊട്ടാരം, ഹിൽ പാലസ് മ്യൂസിയം, മടവൂർ പാറ, ശ്രീപാദം കൊട്ടാരം എന്നിവിടങ്ങളിൽ

സംരക്ഷണ ജോലികൾ ചെയ്തിട്ടുണ്ട്. പത്മനാഭപുരം കൊട്ടാരത്തെ ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള ഗ്രാഫിക് ഡോക്യുമെന്റേഷൻ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. പുരാവസ്തു വകുപ്പ് റ്റി.കെ.എം. കോളേജ്, മഹാരാജാസ് കോളേജ്, സെന്റ് സ്റ്റീഫൻ കോളേജ്, ബ്രണ്ണൻ കോളേജ്, മാടായി കോർപ്പറേറ്റീവ് കോളേജ്, പഴശ്ശികുടീരം മ്യൂസിയം, ബാസ്റ്റർ ബംഗ്ലാവ് എന്നിവിടങ്ങളിൽ പുരാവസ്തു പ്രദർശനങ്ങൾ സംഘടിപ്പിച്ചു. തൃക്കണ്ണാമതിലകം, മലയാറ്റൂർ, കക്കോടി, തിരൂർ, ആയിരംകൊല്ലി എന്നിവിടങ്ങളിൽ പുരാവസ്തു ഖനനങ്ങളും പര്യവേഷണങ്ങളും നടത്തി.

**കാഴ്ചബംഗ്ലാവ് മൃഗശാലാ വകുപ്പ്**

10. പന്ത്രണ്ടാം പദ്ധതിക്കാലത്ത് മ്യൂസിയം മൃഗശാലാ വകുപ്പ്, മ്യൂസിയം കാമ്പസിൽ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തി, ഉരഗങ്ങളുടെ കൂടുകൾ നവീകരിച്ചു, വിവിധ മൃഗങ്ങൾക്ക് കൂടുകൾ നിർമ്മിച്ചു, തിരുവനന്തപുരത്തും തൃശ്ശൂരും ചിൽഡ്രൻസ് പാർക്ക് നിർമ്മിച്ചു, ബാറ്ററിയിൽ പ്രവർത്തിക്കുന്ന 4 വാഹനങ്ങൾ വാങ്ങി, മറ്റ് മൃഗശാലകളിൽ നിന്നും കൂടുതൽ മൃഗങ്ങളേയും പക്ഷികളേയും കൊണ്ടു വന്നു. ശ്രീ ചിത്രാ ആർട്ട് ഗ്യാലറിയ്ക്ക് പുതിയ കെട്ടിടം നിർമ്മിച്ചു. , കോഴിക്കോട് കൃഷ്ണമേനോൻ മ്യൂസിയത്തിൽ 3D തിയേറ്റർ സ്ഥാപിച്ചു, നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം, റ്റിക്കറ്റ് കൌണ്ടർ, ഇൻഫർമേഷൻ കൌണ്ടർ, ക്ലോക്ക് റൂം എന്നിവ നവീകരിച്ചു.

**പുരാരേഖാ വകുപ്പ്**

11. പുരാരേഖ വകുപ്പ് താളിയോലരേഖകളുടെ ഡിജിറ്റലൈസേഷൻ പദ്ധതിയിൽ 9,93,000 താളിയോലകൾ ഡിജറ്റലൈസ് ചെയ്തു (ഇതിൽ 1,50,000 ചുരുണ രേഖകളും 5,11,000 പേപ്പർ രേഖകളും 251 മതിലകം രേഖകളും, 100 ഒഴുക്കുകളും ഉൾപ്പെടുന്നു). താളിയോലരേഖകളും കടലാസ് രേഖകളും ഉൾപ്പെടെ 3,40,539 അമൂല്യ രേഖകൾ വൃത്തിയാക്കി സംരക്ഷിച്ചു. 1,57,612 രേഖകളുടെ റഫറൻസ് മീഡിയ തയ്യാറാക്കി, വകുപ്പ് വട്ടിയൂർക്കാവിൽ സ്വാതന്ത്ര്യ സമര ചരിത്രമ്യൂസിയവും വൈക്കത്ത് മഹാത്മാഗാന്ധി പ്രതിമയും സ്ഥാപിച്ചു. പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കുമിടയിൽ പുരാരേഖ പ്രദർശനങ്ങൾ, സെമിനാറുകൾ, ശിൽപ്പശാലകൾ ഉൾപ്പെടെ 113 പുരാരേഖ അവബോധന പരിപാടികൾ സംഘടിപ്പിച്ചു.

**സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ**

12. പന്ത്രണ്ടാം പദ്ധതിക്കാലത്ത് കെ.എസ്.എഫ്.ഡി.സി ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരിച്ചു. തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, ആലപ്പുഴ എന്നിവിടങ്ങളിലെ തിയേറ്ററുകൾ അത്യാധുനിക സംവിധാനമുള്ള ഡിജിറ്റൽ കളർ കറക്ഷൻ യൂണിറ്റ് സ്ഥാപിച്ചു. ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ലക്സിൽ ഒരു പുതിയ ഫിലിം മ്യൂസിയം സ്ഥാപിച്ചു.

13. പന്ത്രണ്ടാം പദ്ധതിക്കാലത്ത് നടപ്പിലാക്കിയ കാര്യങ്ങൾ എടുത്തു പറയുമ്പോൾ തന്നെ സാംസ്കാരിക രംഗത്ത് പൊതുവിലും, ആർക്കിയോളജി, ആർക്കൈവ്സ് തുടങ്ങിയ മേഖലകളിൽ വിശേഷിച്ചും കേരള സമൂഹം ആഗ്രഹിക്കുന്ന മാറ്റങ്ങൾ ഇനിയും ഉണ്ടാവേണ്ടതായിട്ടാണ് ഇരിക്കുന്നത്. കേരളത്തിന്റെ ആവശ്യങ്ങൾക്കും സാധ്യതകൾക്കും അനുസരിച്ചുള്ള ഒരു മാറ്റമാണ് ഉണ്ടാവേണ്ടത്.

# അധ്യായം 2
# കലയും സംസ്കാരവും – പതിമൂന്നാം പദ്ധതിയുടെ സമീപനം

## 2.1 ആമുഖം

14. കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടേയും വികസനത്തിന്റേയും ചരിത്രത്തിൽ ഒരു സാംസ്കാരിക ഭ്രംശം (Cultural Turn) അഥവാ സാംസ്കാരികത്തിരിവ് സംഭവിക്കാൻ കാലം പാകമായിരിക്കുന്നു. സാംസ്കാരിക രംഗം സമ്പദ്ഘടനയുടെ മുഖ്യ ചാലകശക്തികളിൽ ഒന്നായി മാറുന്ന ഒരു കാലഘട്ടത്തിലേക്കാണ് കേരളം നീങ്ങുന്നത്. ഇതിന്റെ ഫലമായി കേരളത്തിന്റെ മൊത്തം സാമ്പത്തിക ജീവിതത്തിലും വളർച്ചയിലും സാംസ്കാരിക രംഗത്തിനു മുൻപില്ലാത്ത പ്രാധാന്യം വന്നുചേരും.

15. ഈ മാറ്റം ഒരർത്ഥത്തിൽ സാമ്പത്തിക വളർച്ചയുടെ ഭാഗമായി സ്വാഭാവികമായിത്തന്നെ സംഭവിക്കേണ്ടതാണ്. സാമ്പത്തിക വളർച്ച സംഭവിക്കുന്ന മുറയ്ക്ക് ആദ്യം കൃഷി അനുബന്ധപ്രവർത്തനങ്ങളുടേയും പിന്നീട് വ്യാവസായിക മേഖലയുടെയും ആപേക്ഷിക പ്രാധാന്യം കുറയുമെന്നും സേവനത്തുറകളുടെ പങ്ക് അതിനനുസരിച്ച് ഉയരുമെന്നുമാണ്. കേരളത്തിലും ഈ മാറ്റം വളരെവേഗത്തിൽ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനത്തിന്റെ എഴുപത് ശതമാനത്തിലധികം ഇപ്പോൾ സംഭാവന ചെയ്യുന്നത് സേവനത്തുറകളാണ്. സേവനത്തുറയുടെ ഘടനയിലും മാറ്റംവരുന്നുണ്ട്. പ്രാഥമിക സേവനങ്ങളുടെ സ്ഥാനത്ത് ഉയർന്ന ഗുണനിലവാരമുള്ളതും താരതമ്യേന പുതിയതെന്നു കരുതാവുന്നതുമായ (പുതുതലമുറ) സേവനങ്ങൾ രംഗം കയ്യടക്കുകയാണ്. ജനങ്ങളുടെ ചോദന ഘടനയിലും (demand structure) ഈ മാറ്റം ദൃശ്യമാണ്. കുടുംബങ്ങളുടെ ഉപഭോഗച്ചെലവിൽ ഭക്ഷണത്തിനും വസ്ത്രത്തിനും മറ്റു പ്രാഥമിക സൌകര്യങ്ങൾക്കും സേവനങ്ങൾക്കും നീക്കിവെയ്ക്കുന്ന പങ്കു സ്വാഭാവികമായും കുറയുകയാണ്. എല്ലാവരും ആവശ്യപ്പെടുന്നതു ഉയർന്ന ഗുണനിലവാരമുള്ള അടിസ്ഥാന സേവനങ്ങളോടൊപ്പം പുതുതലമുറ സേവനങ്ങളുമാണ്.

16. പ്രാഥമിക ജീവിതസൌകര്യങ്ങൾ ഉറപ്പായ ഒരു സമൂഹം കൂടുതൽ വിശ്രമവും വിനോദവും കലാസാംസ്കാരിക അനുഭവങ്ങളും ആവശ്യപ്പെടുക സ്വാഭാവികമാണ്. വിനോദ വ്യവസായങ്ങളുടെ വളർച്ച ഇതിനു ദൃഷ്ടാന്തമാണ്.

17. സാംസ്കാരിക ഉത്പന്നങ്ങളുടെ ചോദനത്തിലും ഉപഭോഗത്തിലും ഉണ്ടാവുന്ന വിസ്ഫോടനാത്മകമായ വളർച്ചയ്ക്കനുസരിച്ച് വളരാൻ കേരളത്തിന്റെ സാംസ്കാരിക രംഗം സജ്ജമാണോ എന്നത് നിർണ്ണായകമായ ചോദ്യമാണ്. കേരളത്തിന്റെ സാംസ്കാരിക രംഗം അവസരത്തിനൊത്ത് ഉയർന്നില്ലെങ്കിൽ പുറത്തുനിന്നുള്ള ഉത്പന്നങ്ങളെ നാം കൂടുതൽ ആശ്രയിക്കേണ്ടി വരും. പുറത്തുനിന്നുള്ള സിനിമയും സാഹിത്യവും സംഗീതവും നമ്മുടെ സാംസ്കാരിക ജീവിതത്തെ മാത്രമല്ല വിപണിയേയും കയ്യടക്കും. പുറംലോകവുമായുള്ള സാംസ്കാരിക വിനിമയം കാലക്രമത്തിൽ കൂടുകതന്നെ ചെയ്യും. അത് അനിവാര്യമായ മാറ്റം തന്നെയാണ്. പക്ഷെ, സാംസ്കാരിക വിനിമയങ്ങളുടെ അതിർത്തികൾ വലുതാകുകയും സാംസ്കാരിക ഉത്പന്നങ്ങളുടെ വിപണി ആഗോളീകരിക്കപ്പെടുകയും ചെയ്യുന്ന പുതിയ കാലത്തെ അഭിമുഖീകരിക്കാൻ കേരളം തയ്യാറെടുത്തിട്ടുണ്ടോ എന്നതാണ് ചോദ്യം. ഇത് തീർച്ചയായും നമ്മുടെ സംസ്കാരത്തിന്റെ സ്വതന്ത്രമായ വളർച്ചയെ മാത്രമല്ല സമ്പദ്ഘടനയുടെ ഭാവിയെയും ബാധിക്കുന്ന കാര്യമാണ്. വിദേശത്തു നിന്നുള്ള സംസ്കാരിക ഉത്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതോടൊപ്പം നാട്ടിലെ ജനങ്ങളുടെ സാംസ്കാരിക ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നതിനും പുറംലോകത്ത് കാലുറപ്പിക്കുന്നതിനും നമ്മുടെ സാംസ്കാരിക ഉത്പന്നങ്ങൾക്കു കഴിയണം. അതിനുള്ള വലിയ സാധ്യത കേരളത്തിനുണ്ട്. നമ്മുടെ കലാ സാംസ്കാരിക പാരമ്പര്യം അത്രത്തോളം വൈവിധ്യമാർന്നതും സമ്പന്നവുമാണ്. പക്ഷെ, കാലംകൊണ്ടുവരുന്ന മാറ്റങ്ങളോടൊപ്പം നീങ്ങാൻ നല്ല തയ്യാറെടുപ്പും കൂട്ടായ പരിശ്രമവും വേണം. പതിമൂന്നാം പദ്ധതിക്കാലത്ത് സംസ്ഥാന സർക്കാർ അത്തരമൊരു തയ്യാറെടുപ്പിന് കേരളത്തിന്റെ സാംസ്കാരിക രംഗത്തെ സജ്ജമാക്കണം. കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ ഭാവിയിലെ ചാലകശക്തിയാവാനുള്ള സാംസ്കാരിക മേഖലയുടെ സാധ്യതയെ പരമാവധി ഉപയോഗപ്പെടുത്താൻ കഴിയണം.

## 2.2 സാംസ്കാരിക പൊതുഇടങ്ങൾ

18. ഒരു കാലത്ത് കേരളത്തിന്റെ സാംസ്കാരിക പൊതുഇടങ്ങൾ ആരാധനാലയങ്ങൾ ആയിരുന്നു, ക്രമേണ വായനശാലകളും പൊതു മൈതാനങ്ങളും മറ്റും അവയ്ക്കൊപ്പം വളർന്നു. ക്ഷേത്രങ്ങളിൽ പോലും, പാരമ്പര്യ കലകൾക്കൊപ്പം പുരോഗമന സന്ദേശം ഉൾക്കൊള്ളുന്ന നാടകങ്ങളും കഥാപ്രസംഗങ്ങളും മറ്റും അരങ്ങേറിയിരുന്ന ഒരു കാലം അത്ര വിദൂരമൊന്നുമല്ല. ഓരോ ഗ്രാമത്തിലും ഒന്നോ കൂടുതലോ വായനശാലകളും കലാസമിതികളും ഉണ്ടായിരുന്നു, അവ ചർച്ചയുടെയും സംവാദത്തിന്റെയും നൈസർഗ്ഗികമായ കലാവാസനയുടെ ആവിഷ്കാരത്തിന്റെയും വികസനത്തിന്റെയും മതേതര സംസ്കാരത്തിന്റെ പോഷണത്തിന്റെയും ഇടങ്ങൾ ആയിരുന്നു. ഇന്ന് ക്ഷേത്രങ്ങൾ മിക്കവാറും യാഥാ സ്ഥിതികത്വത്തിന്റെയും ഹൈന്ദവവർഗീയതയുടെയും കേന്ദ്രങ്ങളായി മാറാൻ തുടങ്ങിയിരിക്കുന്നു. അവയെ എങ്ങനെ വീണ്ടും പുരോഗമാനാശയങ്ങളുടെ പ്രക്ഷേപണകേന്ദ്രങ്ങളാക്കാം എന്ന് ആലോചിക്കേണ്ടതുണ്ട്. വായനശാലാ സംസ്കാരവും വികസിപ്പിക്കേണ്ടതുണ്ട്. ഇവ രണ്ടും ജനകീയമായ ഇടപെടലുകൾ ആവശ്യപ്പെടുന്നു. ഒപ്പം സർക്കാർ മുൻകയ്യിൽ നിർമ്മിക്കപ്പെട്ട അക്കാദമികളും സാംസ്കാരിക നിലയങ്ങളും ഉൾപ്പെട്ട സ്ഥാപനങ്ങളും എഴുത്തുകാരുടെയും കലാകാരന്മാരുടെയും മറ്റും സ്മാരകങ്ങളും സ്വകാര്യമുൻകയ്യിൽ ഉയർന്നുവന്ന, ഇന്നും പട്ടു പോകാത്ത, കലാവേദികളും ഫൌണ്ടേഷനുകളും സാംസ്കാരികോത്സവങ്ങളും നില നിൽക്കുന്നു. പൊതു-സ്വകാര്യസാംസ്കാരിക ഇടങ്ങളുടെ ഒരു ശൃംഖല പ്രാദേശിക ജനതയെ ഉൾപ്പെടുത്തി സൃഷ്ടിക്കാൻ കഴിയണം. ജില്ലാതലത്തിലുള്ള സാംസ്കാരിക നിലയങ്ങൾ ഉണ്ടാകുന്നത് നല്ലത് തന്നെ, ഒപ്പം ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും പലതിനും പ്രയോജനപ്പെടുത്താവുന്ന ചെറിയ പൊതുശാലകൾ - ബ്ലാക്ക് ബോക്സുകൾ- നിർമ്മിക്കണം. ഇവിടെയെല്ലാം ആധുനിക തിയ്യേറ്റർസൌകര്യങ്ങൾ ഉണ്ടാകണം. ഇവ മുനിസിപ്പൽ- പഞ്ചായത്ത് തലത്തിൽ തന്നെയുള്ള മുൻകയ്യിലാണ് ഉണ്ടാകേണ്ടത്. അവിടങ്ങൾ നാടകമുൾപ്പെട്ട കലകളുടെയും ചർച്ചകളുടെയും കേന്ദ്രങ്ങൾ ആകണം. അങ്ങനെ ഉണ്ടാകുന്ന ഗായക സംഘങ്ങൾക്കും നാടക സംരംഭങ്ങൾക്കും മറ്റും കേരളം ഉടനീളം സഞ്ചരിച്ച് അവതരണങ്ങൾ നടത്താനുള്ള സാമ്പത്തിക പിന്തുണ നൽകണം. ഇത് കുറെ ടിക്കെറ്റ് പിരിവിലൂടെയും കുറച്ച് സബ്സിഡികളിലൂടെയും ഉണ്ടാക്കാവുന്നതേ ഉള്ളൂ. കെട്ടിടങ്ങൾ ഉണ്ടാക്കുന്നതിനേക്കാൾ പ്രധാനം അവിടങ്ങളിൽ സാംസ്കാരിക പ്രവർത്തനം നടക്കുക എന്നതാണ്. അതിനു പ്രാദേശികമായ കൂട്ടായ്മകൾ ഉണ്ടായേ തീരൂ. പ്രാദേശികമായ പാരമ്പര്യകലകളും ഇവിടങ്ങളിൽ അവതരിപ്പിക്കാവുന്നതാണ്. ഒപ്പം ചിത്ര-ശിൽപ്പ പ്രദർശനങ്ങളും ആകാം. ഇത് വർഗീയതയെ സർഗ്ഗാത്മകസാഹോദര്യത്തിലൂടെ നേരിടാനുള്ള അവസരം കൂടി ആകും. ഇങ്ങിനെ ഉണ്ടാകുന്ന നാടക-ചിത്ര- ഗാനാദികളുടെ ജില്ലാതലത്തിലുള്ള ഉത്സവങ്ങളും ആകാവുന്നതാണ്. നമ്മുടെ നവോത്ഥാനത്തിൽ വലിയ പങ്ക് വഹിച്ച നാടകം, ജനകീയ സംഗീതം ഇവയ്ക്കു പ്രത്യേകം ഊന്നലും പ്രോത്സാഹനവും നൽകേണ്ടതാണ്.

## 2.3 പാരമ്പര്യ സംരക്ഷണം

19. ഇതിൽ പല കാര്യങ്ങൾ ഉൾപ്പെടുന്നുണ്ട്

### 2.3.1 നിലനിൽക്കുന്ന മ്യൂസിയങ്ങളുടെയും മറ്റും പോഷണം

20. തിരുവനന്തപുരത്തും വയനാട്ടിലും കൊച്ചിയിലും മറ്റുമുള്ള മ്യൂസിയങ്ങൾ ഭംഗിയായി സൂക്ഷിക്കുകയും പുനഃസംഘടിപ്പിക്കുകയും വേണം. മ്യൂസിയ വിജ്ഞാനീയം അറിയാവുന്ന ആളുകളെ അതിന് ചുമതലപ്പെടുത്തണം.നിലവിലുള്ള പ്രധാനപ്പെട്ട എല്ലാ മ്യൂസിയങ്ങളും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തണം. വിദഗ്ധ സമിതിയുടെ മേൽനോട്ടത്തിൽ ശാസ്ത്രീയമായി മ്യൂസിയം സജ്ജീകരിക്കണം. ക്യൂറേറ്റർമാരുടെ നേതൃത്വത്തിൽ മ്യൂസിയങ്ങളിൽ എക്സിബിഷൻ സംഘടിപ്പിക്കണം.

### 2.3.2 പുതിയ മ്യൂസിയങ്ങൾ

21. വില്ലേജ് മ്യൂസിയങ്ങൾ, നഗരമ്യൂസിയങ്ങൾ, കരകൌശല മ്യൂസിയങ്ങൾ എന്നിങ്ങനെ ജീവിതശൈലിയുമായി ബന്ധപ്പെട്ട മ്യൂസിയങ്ങളുടെ ഒരു ശൃംഖല സംസ്കാരത്തെയും സാംസ്കാരിക ടൂറിസത്തെയും ഒരേ സമയം സഹായിക്കും. സംസ്ഥാനടിസ്ഥാനത്തിൽ മാരിടൈം മ്യൂസിയം പോലെ നമ്മുടെ നാവികപാരമ്പര്യത്തെ പ്രദർശിപ്പിക്കാവുന്ന ഇടങ്ങളും നിർമ്മിക്കാവുന്നതാണ്. ആയുർവേദ പാരമ്പര്യവും ഈ രീതിയിൽ പ്രദർശനം അർഹിക്കുന്നുണ്ട്. കേരളത്തിന്റെ ബുദ്ധ–ജൈന പാരമ്പര്യങ്ങൾക്കും പ്രത്യേക സ്ഥാനം നൽകണം.

### 2.3.2 എഴുത്തുകാരുടെയും കലാകാരന്മാരുടെയും സ്മാരകങ്ങളുടെയും പട്ടിക തയ്യാറാക്കൽ

22. പൊതുവും സ്വകാര്യവുമായ എഴുത്തുകാരുടെയും കലാകാരന്മാരുടെയും സ്മാരകങ്ങളുടെ ഒരു രജിസ്റ്റർ ഉണ്ടാക്കുകയും അവിടങ്ങളിൽ വായനശാലകൾ, രംഗാവതരണങ്ങൾ തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കുകയും വേണം. അവയെ അതതു കമ്മ്യൂണിറ്റിയെ തന്നെ എല്പിക്കുകയാവും ഉചിതം. അവ തങ്ങളുടെ അഭിമാന കേന്ദ്രങ്ങളാണെന്ന ബോധം ആ പ്രദേശത്തെ ജനതയ്ക്ക് ഉണ്ടായാൽ അവ സംരക്ഷിക്കപ്പെടും. മോസ്കോവിലെ പുഷ്കിൻ മ്യൂസിയവും മറ്റും പോലെ അവയെ വിനോദസഞ്ചാരികളെ ആകർഷിക്കുന്ന രീതിയിൽ സംവിധാനം ചെയ്യാൻ കഴിയും. കയ്യെഴുത്തുപ്രതികൾ, കൃതികൾ, കൃതികളുടെ ശില്പ–ചിത്ര ആവിഷ്കരണങ്ങൾ, ഫോട്ടോകൾ, ആ കാലത്തെക്കുറിച്ചുള്ള ദൃശ്യാവിഷ്കാരങ്ങൾ തുടങ്ങിയവ അവിടങ്ങളിൽ ഉണ്ടാകണം.

### 2.3.4 ആർട്ട് ഗാലറികൾ

23. ശ്രീചിത്ര ആർട്ട് ഗാലറി, നാപ്പിയർ മ്യൂസിയം, തുടങ്ങിയവയെ പുനസംഘടിപ്പിക്കണം. മൃഗശാലയും മ്യൂസിയവും രണ്ടു തരം ധർമങ്ങൾ ആണ് അനുഷ്ഠിക്കുന്നത് എന്ന ബോധ്യത്തോടെ വേണം ഇത് ചെയ്യുവാൻ. ജില്ലാ സാംസ്കാരികകേന്ദ്രങ്ങളിൽ വേണ്ടത്ര വിശാലമായ ആർട്ട് ഗാലറികൾ, ബുക്ക് ഷോപ്പുകൾ, അവതരണ സ്ഥലങ്ങൾ , കോഫീ ഷോപ്പുകൾ തുടങ്ങിയവ ഉണ്ടാകണം. പ്രധാന നഗരങ്ങളിൽ ആധുനികകലയുടെ ഗാലറികൾ വേണം. ചിത്രകാരൻമാർക്കും ശിൽപ്പികൾക്കും റെസിഡൻസികൾ, സ്കോളർഷിപ്പുകൾ തുടങ്ങിയവയും ലഭ്യമാക്കണം. കലാചരിത്രം, കലാനിരൂപണം ഇവയിലും ഫെല്ലോഷിപ്പുകളും പരിശീലന ശില്പശാലകളും ഉണ്ടാവണം.

### 2.3.5 സംരക്ഷിത ചരിത്രസ്മാരകങ്ങളുടെ പരിപാലനം

24. ഗുഹകൾ, കോട്ടകൾ, കൊട്ടാരങ്ങൾ തുടങ്ങിയ ചരിത്രസ്മാരകങ്ങളുടെ ഒരു വലിയ നിര നമുക്കുണ്ട്. 170– ലേറെ സംരക്ഷിത സ്മാരകങ്ങൾ തന്നെ ഉണ്ട്. ഇവ പലതും ഭൂമാഫിയകളും സാമൂഹ്യവിരുദ്ധരും കയ്യേറുന്ന അവസ്ഥ ഇന്നുണ്ട്. ഇതു തടയാൻ. പുരാവസ്തുസംരക്ഷണം വേണ്ടുന്ന സ്ഥലങ്ങളെ സംബന്ധിച്ച് തിട്ടപെടുത്താൻ അടിയന്തിരമായി ഒരു സ്ഥിരം സർവേയറെ നിയമിക്കേണ്ടതാണ്. ഒരു സർവ്വേ ആദ്യം നടത്തണം. നഷ്ടപ്പെട്ട ഭൂമി തിരിച്ചുപിടിച്ചു സംരക്ഷിക്കണം ഇവയ്ക്കു ചുറ്റമതിലുകൾ പണിയണം. ലാൻഡ് സ്കേപ്പിംഗ് ചെയ്യണം..ഇതിനുള്ള ഫണ്ട് അപര്യപ്തമാണെങ്കിൽ വിനോദ സഞ്ചാര വകുപ്പിൽ നിന്നും വകയിരുത്താൻ കഴിയും. അതിന് വിവിധ പദ്ധതികൾ ഉണ്ട്.

25. പുരാവസ്തു സ്മാരകങ്ങളെ സംരക്ഷിക്കാൻ യോഗ്യതയുള്ളതും പരിശീലനം സിദ്ധിച്ചതുമായ എൻജിനീയർമാരും കൺസർവേറ്റർമാരും ആവശ്യമാണ്.ഇതിന്റെ അഭാവം ഇന്ന് വകുപ്പിൽവളരെയുണ്ട്. പുരാവസ്തു സംരക്ഷണത്തിന് ഈ രംഗത്തെ വിദഗ്ധൻമാരായ എൻജിനീയർമാരെ തെരഞ്ഞെടുത്ത് അവർക്ക് പരിശീലനം നൽകി സംരക്ഷണ ജോലികൾ വിഭജിച്ച് നൽകണം. ഗ്രാമങ്ങളിലും ജില്ലകളിലും ഗവേഷണത്തിനും പര്യവേഷണത്തിനും ഫണ്ടും യോഗ്യതയുള്ളവരെയും നിയമിക്കണം. പുരാവസ്തു ഗവേഷണം സംബന്ധിച്ച് സാങ്കേതിക യോഗ്യത നേടിയ ധാരാളം പേർ കേരളത്തിലുണ്ടെങ്കിലും അവരെ വകുപ്പിൽ നിയമിച്ചിട്ടില്ല . അതിനുപകരം ബിരുദവും ബിരുദാനന്തര ബിരുദവുമുള്ളവർക്ക് പ്രോമോഷൻ നൽകിയാണ് പ്രധാന തസ്തികകളിൽ നിയമനം നടത്തുന്നത്. ഈ പതിവ് ശരിയല്ല . പകരം സാങ്കേതിക യോഗ്യതയുള്ളവരെ വകുപ്പിൽ നിയമിക്കാൻ നടപടി വേണം. അതോടോപ്പം ഇവയ്ക്ക് വേണ്ട ഫണ്ടും സർക്കാർ അനുവദിക്കണം . സാങ്കേതിക യോഗ്യതയുള്ളവരുടെ നേതൃത്വത്തിൽ ജില്ലകളിലും ചരിത്രപ്രധാന്യമുള്ള സ്ഥലങ്ങളിലും ഓരോ വർഷവും പര്യവേഷണം നടത്തണം .

26. പല സംരക്ഷണ പ്രദേശങ്ങളുടെയും സ്ഥിതി ദയനീയമാണ്.അവിടേക്ക് നല്ല വഴികളോ പ്രാഥമിക സൗകര്യത്തിനുള്ള ഏർപ്പാടുകളോ ഇല്ല. ഇതിനു പരിഹാരം കാണണം. പുരാവസ്തുവകുപ്പും വിനോദ സഞ്ചാരവകുപ്പും ചേർന്ന് സ്മാരകങ്ങൾ സംരക്ഷിക്കാനും അവിടെ പച്ച പിടിപ്പിക്കാനും നടപടി സ്വീകരിക്കണം. ഈ രംഗത്തെ പരിപാലനത്തിന് വിദ്യാഭ്യാസ വകുപ്പിലെ എൻ.എസ്.എസ് വിഭാഗത്തെ ഉപയോഗിക്കാവുന്നതാണ് .

27. പുരാവസ്തു വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി വിദഗ്ധ പഠനം നടത്തി ഒരു പദ്ധതി രൂപരേഖ തയ്യാറാക്കണം. വകുപ്പിന്റെ ഘടനയിൽ വരുത്തേണ്ട മാറ്റങ്ങളും നൂതനമായി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ട പദ്ധതികളും തയ്യാറാക്കണം.

28. പൊതുജനങ്ങളുടെ കൈവശമുള്ള പുരാവസ്തുക്കളുടെ ഒരു ഡേറ്റാ ബേസ് തയ്യാറാക്കാനും സംരക്ഷണം ആവശ്യമുള്ളവ സർക്കാർ വാങ്ങി സംരക്ഷിക്കാനും നടപടി ഉണ്ടാകണം. പുരാവസ്തു വകുപ്പിന്റെ മ്യൂസിയങ്ങൾ നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തണം. പുരാവസ്തു മ്യൂസിയം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ ചരിത്ര പുരാവസ്തു പ്രാധാന്യം പ്രകടമാക്കുന്ന വിധത്തിൽ മ്യൂസിയം സജ്ജീകരിക്കണം.

29. ചരിത്ര സ്മാരകങ്ങളും സംരക്ഷിത സ്മാരകങ്ങളും സംരക്ഷിക്കണമെന്ന സന്ദേശം ജനങ്ങൾക്ക് നല്കണം.

30. ചരിത്ര സ്മാരകങ്ങളുടെ സംരക്ഷത്തിനായി ദേശീയ അന്തർദേശീയ വിദഗ്ധ സ്ഥാപനങ്ങളുമായി ചേർന്ന് പ്രോജക്ട് തയ്യാറാക്കണം.

31. സംരക്ഷണ-വികാസങ്ങൾക്ക് സാങ്കേതിക വിദഗ്ധരുടെയും വാസ്തുശിൽപ്പികളുടെയും പുരാവസ്തു വിദഗ്ദ്ധരുടെയും എഞ്ചിനിയർമാരുടെയും ഒരു സംഘത്തെ നിയമിക്കണം. സംസ്ഥാനത്ത് ചരിത്രപ്രാധാന്യമുള്ളതും 100 വർഷം കഴിഞ്ഞതുമായ സെക്രട്ടറിയേറ്റ് മന്ദിരം ഉൾപ്പെടെയുള്ള കെട്ടിടങ്ങളുടെ സംരക്ഷണ ചുമതല പുരാവസ്തു വിദഗ്ധന്മാരുടെ സംരക്ഷണ ചുമതലയിൽ വരണം . നൂറ് വർഷത്തിനു താഴെയുള്ള ചരിത്ര പ്രാധാന്യമുള്ള കെട്ടിടങ്ങളെയും സ്ഥലങ്ങളെയും സംരക്ഷിക്കാൻ ''ഹെറിട്ടേജ് ആക്റ്റ്'' എത്രയും വേഗം പാസ്സാക്കണം .

### 2.3.6 ജംഗമപാരമ്പര്യത്തിന്റെ പ്രോത്സാഹനം, പരിശീലനം, ശിൽപ്പശാല മുതലായവ

32. നമ്മുടെ ജംഗമപാരമ്പര്യങ്ങളും (intangible heritage) ഇത്ര തന്നെ പ്രധാനമാണ്. ആ രംഗത്ത് ആവശ്യം നാടോടിക്കലകളിലും കരകൗശലവിദ്യകളിലും ക്ലാസ്സിക്കൽ കലകളിലും പ്രവർത്തിക്കുന്ന സാമ്പത്തിക ഭദ്രത ഇല്ലാത്ത കലാകാരന്മാർക്കും കലാകാരികൾക്കുമുള്ള ഗ്രാന്റുകൾ, ഇത്തരം കലകളിലും സാമ്പ്രദായിക സാങ്കേതികവിദ്യകളിലും ചെറുപ്പം മുതലുള്ള പരിശീലനം, അവതരണസൗകര്യങ്ങൾ ഇവയാണ്. സാംസ്കാരിക സ്ഥാപനങ്ങളുടെ നടത്തിപ്പുകാർക്ക് സാംസ്കാരിക ഭരണ നിർവ്വഹണത്തിൽ പരിശീലനം നൽകാൻ വിദഗ്ധരെ ഉൾപ്പെടുത്തി ശിൽപ്പശാലകൾ സംഘടിപ്പിക്കണം.

### 2.3.7 ചരിത്ര രേഖകളുടെ ഡിജിറ്റലൈസേഷൻ

33. 1963ൽ രൂപീകൃതമായ പുരാരേഖാവകുപ്പിന്റെ കൈവശമുള്ള രേഖകൾ ചരിത്ര പഠനത്തിന് പ്രധാനപ്പെട്ടതാകുന്നു. കേരളത്തിനു പുറത്തുനിന്നും കേരളത്തെ സംബന്ധിച്ച രേഖകൾ ഇവിടേക്കെത്തിക്കാൻ സാധിച്ചിട്ടില്ല. തിരുവനന്തപുരത്തെ ആഫീസിനു പുറമെ എറണാകുളത്തും

കോഴിക്കോട്ടുമുള്ള  ആഫീസുകളിൽ അനേകം പുരാരേഖാ ശേഖരം ഉണ്ട്. കയ്യെഴുത്തുപ്രതികൾ, പഴയ ആനുകാലികങ്ങൾ, ചരിത്രരേഖകൾ തുടങ്ങിയവയുടെ ഡിജിറ്റലൈസേഷൻ ഉണ്ടാകണം.

34. ചരിത്ര രചനയ്ക്ക് ആവശ്യമായ അമൂല്യ സമ്പത്തുകളായ താളിയോലരേഖകളും കടലാസുരേഖകളുമാണ് സംസ്ഥാന പുരാരേഖ വകുപ്പിലുള്ളത്. നൂറ്റാണ്ട് പഴക്കമുള്ളതും യൂറോപ്യൻമാരുടെ വരവിനു ശേഷം ഐക്യകേരളം വരെയുള്ള സംഭവങ്ങളിലേക്ക് വെളിച്ചം വീശുന്നതുമായ ഈ താളിയോലകളും കടലാസ്സ് രേഖകളും അടിയന്തിരമായി ഡിജിറ്റലൈസിംഗ് നടത്തണം. ഇതിനുള്ള ഫണ്ട് അനുവദിക്കുകയോ മറ്റ് ഏജൻസികളിൽ നിന്നും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുകയോ വേണം. ഐക്യകേരളത്തിന്റെ വജ്ര ജൂബിലി ആഘോഷിക്കുന്ന ഈ സമയത്ത് നമ്മുടെ കൈവശമുള്ള ഈ രേഖകൾ നിർബന്ധമായും ഫലപ്രദമായി  ഉപയോഗിക്കാൻ പറ്റുന്ന വിധത്തിലാക്കണം.

35. കേരളത്തെ സംബന്ധിച്ച് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള രേഖകളോ അവയുടെ പകർപ്പകളോ സംസ്ഥാന പുരാരേഖ വകുപ്പിലേക്ക് ലഭ്യമാക്കാൻ നടപടി വേണം.

36. പുരാരേഖ വകുപ്പ് കാലോചിതമായി പരിഷ്കരിച്ച് ഈ രംഗത്തുള്ള വിദഗ്ധന്മാരെ  നിയമിച്ച് ഗവേഷണ സൗകര്യം വർധിപ്പിക്കണം .ഗവേഷകർക്ക് വിവരം നല്കാൻ  തക്ക ഉദ്യോഗസ്ഥൻമാരെ ഓരോ സ്ഥലത്തും നിയമിക്കണം .ഓരോ വർഷവും എത്ര ഗവേഷകർ വകുപ്പിന്റെ സഹായം തേടിയെന്നും അവർ നടത്തുന്ന ഗവേഷണം എന്താണെന്നും സർക്കാരിനു റിപ്പോർട്ട് നൽകണം.

37. പുരാരേഖ വകുപ്പിനെ സംസ്ഥാന സർവകലാശാലകളുമായി ബന്ധപ്പെടുത്തണം. കോളേജുകളിലെ വിദ്ധ്യാർഥികൾ പ്രത്യേകിച്ച് ചരിത്രവിദ്ധ്യാർഥികളെ ഈ വകുപ്പുമായി ബന്ധപ്പെടുത്തി നടത്തുന്ന പഠനത്തിന് പ്രത്യേക മാർക്ക് നല്കാൻ സർവ്വകലാശാലകളോട് അപേക്ഷിക്കണം.

38. ലോകത്തെ ഏറ്റവും വലിയ താളിയോലശേഖരമാണ് പുരാരേഖാവകുപ്പിലെ മതിലകം രേഖകൾ. എ.ഡി. 1378–1728 വരെയുള്ള രേഖകൾ ‘‘പ്രധാന മതിലകം രേഖകൾ’’ എന്ന പേരിൽ മഹാകവി ഉള്ളൂർ തയ്യാറാക്കിയ പുസ്തകം പുരാരേഖ വകുപ്പ് തന്നെ പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ട് . എന്നാൽ മൂന്നര ലക്ഷം രേഖകളാണ് ഇതിലുള്ളത് . ഇത് മലയാണ്മയും തമിഴും ചേർന്നാണ് എഴുതിയിട്ടുള്ളത്. ഇതിലെ ചില ഭാഷയും സ്ക്രിപ്റ്റും ഈ രംഗത്തുള്ളവർക്കുപോലും മനസ്സിലാക്കാൻ പ്രയാസമാണ്. ഇതിനു പരിഹാരം കാണാൻ വിദഗ്ധരെ കൊണ്ട് പഠനം നടത്തേണ്ടതാണ്.ഇതിനു പരിശീലനം കൊടുക്കാൻ കഴിവുള്ളവരെ വകുപ്പിൽ കൊണ്ടുവരണം.

39. മതിലകം രേഖകൾ ഡിജിറ്റലൈസ് ചെയ്യാൻ വകുപ്പിന് സാധിച്ചിട്ടുണ്ട്. എന്നാൽ അത് ലിപിമാറ്റം നടത്താനും അത് ശരിയാണോ എന്ന് പരിശോധിക്കാനും കാര്യമായ സംവിധാനം ഇല്ലെന്നു പറയേണ്ടിവരുന്നു . ലിപിമാറ്റത്തിനു  കരാറടിസ്ഥനത്തിൽ മൂന്ന് പേരെയാണ് ആകെ നിയമിച്ചിട്ടുള്ളത്. അവരെത്തന്നെ സ്ഥിരപ്പെടുത്താൻ പോലും ഇതേ വരെ കഴിഞ്ഞിട്ടില്ല . മാത്രമല്ല ഈ മൂന്നുപേർ നൂറ് വർഷം പ്രവർത്തിച്ചാലും മതിലകം രേഖകൾ ലിപിമാറ്റം നടത്താൻ  പറ്റില്ല . ഈ മൂന്നുപേരെ സ്ഥിരപ്പെടുത്തുകയും ഈ രംഗത്ത് എത്രയും വേഗം കൂടുതൽ ആളുകളെ നിയമിക്കുകയും ലിപിമാറ്റം പരിശോധിക്കാൻ വിദഗ്ധ സമിതിയെ നിയോഗിക്കുകയും  വേണം.

40. പുരാരേഖ വകുപ്പ് കുറെ വർഷങ്ങളായി കുറെ നല്ല ചരിത്ര പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ട്. അത് ചരിത്ര പഠനത്തിനു സഹായകമാണ്. എന്നാൽ രേഖകളുടെ അടിസ്ഥാനത്തിലുള്ള ഗവേഷണപുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ  നടപടി വേണം .ഇത്തരം പുസ്തകങ്ങൾ തയ്യാറാക്കാനും ഗവേഷകരെ വകുപ്പ് ചുമതലപ്പെടുത്തണം . അവർക്ക് പ്രതിഫലം കൊടുത്താൽ ഗവേഷണ പുസ്തകങ്ങൾ  വകുപ്പിന് പ്രസിദ്ധീകരിക്കാൻ കഴിയും. മുൻപ് ഉണ്ടായിരുന്ന തുപോലെ ‘‘ആർക്കൈവ്സ് ന്യൂസ് ലെറ്റർ ’’ പ്രസിദ്ധീകരിക്കാൻ നടപടി വേണം.

41. പുരാരേഖകളുടെ  പ്രദർശനം, വ്യക്തികളുടെ കൈവശം ഉള്ളവ ഏറ്റെടുക്കൽ, പൈതൃക സംരക്ഷണ പഠനം, വിദ്യാർഥികളുടെ ഇടയിൽ പുരാരേഖകളെ  സംബന്ധിച്ചുള്ള പ്രചാരണം എന്നിവ വകുപ്പ് ഏറ്റെടുത്ത് നടത്തുന്നുണ്ട് .എന്നാൽ ഇതിനൊന്നും ആവശ്യമായ സ്റ്റാഫ് വകുപ്പിലില്ല . ഡയറക്ടറും

അസിസ്റ്റന്റ് ഡയറക്ടറും കൂടാതെ ഹെഡ് ഓഫീസിലും മൂന്ന് മേഖലാ ഓഫീസുകളിലുമായി അഞ്ചു സൂപ്രണ്ടുമാരും നാല് ആർക്കെവിസ്റ്റുകളും ഏതാനും അസിസ്റ്റന്റ് ആർക്കെവിസ്റ്റുകളുമാണ് ആകെയുള്ളത്. എഡിറ്റോറിയൽ ആർക്കെവിസ്റ്റിന്റെയും കൺസർവേറ്ററുടെയും തസ്തിക ഒഴിഞ്ഞു കിടക്കുന്നു. അടിയന്തിരമായി ഭരണപരിഷ്കാര വകുപ്പിനെ കൊണ്ട് പഠനം നടത്തി വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതാണ്.

42. വട്ടെഴുത്ത്, കോലെഴുത്ത്, മലയാണ്മ എന്നിവ സംബന്ധിച്ച് ജീവനക്കാർക്ക് പരിശീലനം നൽകണം.

43. മതിലകം രേഖകൾ ഉൾപ്പെടെയുള്ളവയിൽ കാണുന്ന പഴയ മലയാളം വാക്കുകൾ ഉൾപ്പെടുത്തി ഒരു നിഘണ്ടു പ്രസിദ്ധീകരിക്കാൻ മലയാളം സർവകലാശാലയോട് അപേക്ഷിക്കേണ്ടതാണ്.

44. പുരാരേഖ പഠനം, പൈതൃകം എന്നിവ പാഠപുസ്തകങ്ങളുടെ ഭാഗമാക്കണം.

45. കമ്മ്യൂണിറ്റി ആർക്കൈവ്സ്, താളിയോല രേഖകൾ ഉൾപ്പെട്ട ആർക്കൈവ്സ് മ്യൂസിയം സ്ഥാപിക്കൽ, അന്താരാഷ്ട്ര തലത്തിലുള്ള രേഖകളുടെ ഉള്ളടക്കം, കൈമാറ്റ പദ്ധതി, പ്രമുഖവ്യക്തികളുടെ കൈയൊപ്പ് മ്യൂസിയം, വൈക്കത്തെ സ്വാതന്ത്ര സമര മ്യൂസിയം തുടങ്ങി വകുപ്പ് നടത്തുന്ന പദ്ധതികൾക്ക് സർക്കാർ കൂടുതൽ സഹായം നൽകേണ്ടതാണ്.

46. എഴുത്തുകാരെയും കലാകാരന്മാരെയും കുറിച്ചുള്ള ഡോക്യുമെന്ററികളുടെയും പെർഫോമൻസുകളുടെ ഡീ വീ ഡികളുടെയും ശേഖരം വേണം. ഒപ്പം നമ്മുടെ തനതു സംഗീതോപകരണങ്ങൾ, ചമയങ്ങൾ, കരകൗശലവസ്തുക്കൾ തുടങ്ങിയവയും ശേഖരിക്കപ്പെടണം. അങ്ങനെ ഒരു കേരള സംസ്കാര മ്യൂസിയം ഉണ്ടാക്കണം. ഇതിന്റെ തന്നെ ഭാഗമായി വിടദ്ധരടങ്ങുന്ന ഒരു എഡിറ്റോറിയൽ ബോർഡ് കേരളത്തിന്റെ ബൃഹത്തായ ഒരു സാംസ്കാരിക ചരിത്രം നിർമ്മിക്കണം. അതിന്റെ രീതിശാസ്ത്രവും ഉള്ളടക്കത്തിന്റെ രൂപരേഖയും ക്രമവും മറ്റും ശിൽപ്പശാലകളിലൂടെ രൂപപ്പെടുത്തണം.

### 2.3.8 കലാകാരന്മാർക്കും കരകൗശല വിദഗ്ധർക്കും ജീവനോപാധി

47. ഗ്രാമീണമേഖലകളിലെ കലാകാരന്മാർക്കും കരകൗശല വിദഗ്ധർക്കും ജീവനോപാധി കണ്ടെത്തുന്നതിനായി ഒരു പദ്ധതി ആവിഷ്കരിക്കണം. അതിനായി അവരുടെ കലയിലുള്ള/കരകൗശലവിദ്യയിലുള്ള വൈദഗ്ധ്യം വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഒപ്പം കലാകാരന്മാർക്ക് കലാപരിപാടികൾ അവതരിപ്പിക്കുന്നതിനുള്ള അവസരവും കരകൗശല വിദഗ്ധർക്ക് അവരുടെ ഉല്പന്നങ്ങൾ വില്പന നടത്തുന്നതിനുള്ള അവസരവും ലഭ്യമാക്കണം. നൈപുണ്യ വികസനവും വിപണനവുമായിരിക്കണം ലക്ഷ്യം.

48. കേരള സംസ്കാരത്തെ പ്രതിഫലിപ്പിക്കുന്ന സുവനീറുകൾ രൂപകല്പന ചെയ്ത് ഉല്പാദിപ്പിച്ച് വിപണിയിലെത്തിക്കാൻ കഴിയണം. വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സുവനീർ വില്പനക്കായി സംവിധാനം ഒരുക്കണം. പ്രാദേശികമായി കരകൗശല വിദഗ്ധർക്ക് ഇത് ഒരു ജീവനോപാധിയായി മാറും.

### 2.3.9 സാംസ്കാരിക പൈതൃകഗ്രാമങ്ങൾ

49. കേരളത്തിന്റെ പൈതൃകമായ ഗ്രാമങ്ങൾ സംരക്ഷിക്കുന്നതിനും ആ ഗ്രാമങ്ങളിൽ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് ലോക ശ്രദ്ധ നേടികൊടുക്കുന്നതിനും നടപടികൾ ഉണ്ടാകണം. വിവിധ ജില്ലകളിലുള്ള വ്യത്യസ്തങ്ങളായ ഗ്രാമങ്ങളുടെ പാരമ്പര്യം നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള പദ്ധതി തയ്യാറാക്കണം.

## 2.4 ഉത്സവങ്ങൾ

50. വർഗീയ ധ്രുവീകരണം തടയാനുള്ള ഒരു ക്രിയാത്മകമായ മാർഗ്ഗം മതേതരമായ ഉത്സവങ്ങൾ ആണ്. ഇപ്പോൾ തന്നെ നമുക്ക് ചിത്രകലയുടെ ഒരു ബിനാലെ ഉണ്ട്, അന്തർദേശീയ ചലച്ചിത്രോത്സവവും നാടകോത്സവവും ഉണ്ട്, ധാരാളം ഒരുക്കം ആവശ്യമുള്ള ഇവ രണ്ടും രണ്ടു വർഷത്തിൽ ഒരിക്കൽ മാറി മാറി ആക്കാവുന്നതാണ്. ഇവയ്ക്കെല്ലാം നല്ല ഒരു അക്കാദമിക് ഘടകം കൂടി ഉണ്ടാകേണ്ടതാണ്– ചർച്ചകൾ, സംവാദങ്ങൾ, അഭിമുഖങ്ങൾ, സെമിനാറുകൾ തുടങ്ങിയവ.

51. സംഗീതത്തിനും ഇത്തരത്തിൽ ഒരു ദ്വൈവാർഷിക– അന്തർദേശീയ ഉത്സവം ഉണ്ടാകുന്നത് നന്നാവും, അതിൽ പാശ്ചാത്യവും പൌരസ്ത്യവുമായ ക്ലാസിക്കൽ, നാടോടി, പോപ്, പ്രതിരോധ സംഗീതം തുടങ്ങിയവയ്ക്കെല്ലാം പ്രാതിനിധ്യം ഉണ്ടാകണം. കലകളിലെ ശ്രേണീ ക്രമം (hierarchy) ചോദ്യം ചെയ്യപ്പെടണം.

52. വേറൊന്നു ഒരു കേരളോത്സവമാണ്. ഇതിൽ കേരളീയകലകൾ – നാടോടിയും ക്ലാസിക്കലും ആദിവാസികലകളും എല്ലാം– പ്രതിനിധാനം ചെയ്യപ്പെടണം. ഇത് എല്ലാ വർഷവും ആകാവുന്നതാണ്. നാടകത്തിനും ഇതിൽ സ്ഥാനം നൽകാവുന്നതാണ്. **കേരളോത്സവം സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ സാംസ്കാരിക സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംഘടിപ്പിക്കണം**

53. സംഗീതോത്സവവും കേരളോത്സവവും സംഗീതനാടക അക്കാദമിയുടെ പൊതു ചുമതലയിൽ പ്രത്യേക സമിതികൾ രൂപീകരിച്ചു ചെയ്യാവുന്നതാണ്. കേന്ദ്ര അക്കാദമിയുടെയോ സാംസ്കാരിക വകുപ്പിന്റെയോ സഹായത്തിനും ശ്രമിക്കാവുന്നതാണ്.

54. നമുക്ക് ഇപ്പോൾ വലിയ സാഹിത്യോത്സവങ്ങൾ ഇല്ല. ഉള്ളവ സ്വകാര്യസംരംഭങ്ങൾ ആണ്. കേരള സാഹിത്യ അക്കാദമിയുടെ ആഭിമുഖ്യത്തിൽ പ്രത്യേക സമിതി രൂപീകരിച്ചു കേന്ദ്ര സാഹിത്യ അക്കാദമിയുടെ സഹകരണത്തോടെ ഒരു വാർഷിക ഇന്ത്യൻ സാഹിത്യോത്സവം ആസൂത്രണം ചെയ്യാൻ കഴിയും. ഓരോ വർഷവും ഓരോ തീം — പ്രമേയം – ഇതിനു ഉണ്ടാകാം. വായനകൾ, അഭിമുഖങ്ങൾ, സംവാദങ്ങൾ, ചർച്ചകൾ, പ്രഭാഷണങ്ങൾ സാഹിത്യബന്ധമുള്ള സിനിമകൾ ഇവയെല്ലാം ഉള്ള ഒരു ത്രിദിന സംഭവം ആകാം അത്. എല്ലാ ഉത്സവങ്ങൾക്കും പ്രത്യേക തുക അക്കാദമി ബജറ്റുകളിൽ ഉൾക്കൊള്ളിക്കണം.

55. ന്യൂനപക്ഷ, പിന്നാക്ക വിഭാഗങ്ങൾ, ആദിവാസികൾ, ഭാഷാന്യൂനപക്ഷങ്ങൾ എന്നിവരെപ്പോലെതന്നെ ഇന്ന് പ്രത്യേക പരിഗണന അർഹിക്കുന്ന ഒരു വിഭാഗമാണ് ഇതരസംസ്ഥാനത്തൊഴിലാളികൾ. ഇവർക്കും നമ്മുടേതുപോലെ സമ്പന്നമായ കലാസാംസ്കാരികസമ്പത്തുണ്ടല്ലോ. ഇവരുടെ കലാമേളകൾ സംഘടിപ്പിക്കണം. സാംസ്കാരിക വിനിമയ പരിപാടികൾ പോലെ അവർക്കുമുന്നിൽ നമ്മുടെ കലാസാംസ്കാരിക പരിപാടികളും അതരിപ്പിക്കാം. ആ സാംസ്കാരിക സമന്വയം ലോകോത്തരമായ ഒരു മാതൃകയായി മാറാം എന്നതിനപ്പുറം അവരുടെ കടന്നുവരവോടെ അവരുമായി തദ്ദേശിയസമൂഹം ചിലയിടത്തെങ്കിലും ഏറ്റുമുട്ടുന്നതും അവരെ സംശയത്തോടെ കാണുന്നതും പലകാര്യത്തിലും അവരെ അകറ്റിനിർത്തുന്നതുമൊക്കെയായ സാഹചര്യം ഒഴിവാക്കാനും ഉപകരിക്കും. ഇക്കാര്യത്തിലെ നമ്മുടെ സങ്കുചിതമായ കാഴ്ചപ്പാടു മാറ്റി സമൂഹത്തെ ഉയർത്താനും ഇതു സഹായിക്കും.

56. സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക ഉത്സവങ്ങൾ വേണം. അവയിൽ എല്ലാ കലാ–സാഹിത്യ വിഭാഗങ്ങളെയും ഉൾപ്പെടുത്താം – നാടകം, സിനിമ, സാഹിത്യം, ചിത്രകല, ശിൽപ്പകല ഇവയ്ക്കെലാം അവയിൽ പ്രാതിനിധ്യം ഉണ്ടാകണം. ഇവ കൂടാതെ ചെറിയ പ്രാദേശിക ഉത്സവങ്ങളും പ്രോത്സാഹിപ്പിക്കണം.

## 2.5 ഭാഷ

57. മലയാളത്തെയും മറ്റു കേരളഭാഷകളെയും കുറിച്ചുള്ള ശാസ്ത്രീയഗവേഷണം, നവവിജ്ഞാന സംവേദനത്തിന് ഉതകുന്ന തരം വാക്കുകളുടെ സ്വാഭാവിക രൂപീകരണവും അതിനു സഹായിക്കുന്ന തർജ്ജുമകളും, ഭാഷാപണ്ഡിതരുടെ അന്തർദേശീയ സമ്മേളനങ്ങൾ, ഗവേഷണ പ്രബന്ധങ്ങൾക്ക് ധനസഹായം, വിവിധ വിഷയങ്ങളിൽ ഗവേഷണ പ്രസിദ്ധീകരണങ്ങൾ,മറ്റു ദ്രാവിഡ ഭാഷകളുമായുള്ള താരതമ്യ പഠനങ്ങൾ ഇവ മലയാള സർവ്വകലാശാല, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങൾ സഹകരിച്ചു ചെയ്യണം. ലെക്സിക്കൻ, എന്സൈക്ലോപീഡിയ ഇവയിൽ ഏതെങ്കിലും ഒന്നിന്റെ കീഴിൽ കൊണ്ടുവരാവുന്നതേയുള്ളൂ. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കഴിഞ്ഞ പത്ത് വർഷത്തെ പ്രവർത്തനങ്ങൾ ഒരു കമ്മീഷൻ പരിശോധിക്കണം. അത് അപ്രസക്തമായ കാര്യങ്ങൾ– സാഹിത്യ അക്കാദമിക്കും മറ്റും ചെയ്യാവുന്നവ– ചെയ്യുന്നത് നിർത്തണം. വിജ്ഞാനകൈരളിയുടെ നിലവാരം ഉയർത്തണം. അതിലെ ലേഖനങ്ങൾക്ക് പിയർ റിവ്യൂ സമ്പ്രദായം ഏർപ്പെടുത്തണം.

58. ബഹുമുഖവും വികേന്ദ്രീകൃതവുമായ ഭാഷാസാങ്കേതിക വിദ്യാവികസനം പ്രോത്സാഹിപ്പിക്കണം. അതിനു ഒരു നയം രൂപപ്പെടുത്തണം. ഇതിൽ ഭാഷാസമൂഹത്തിനും ഭാഷാവിദഗ്ധർക്കും വ്യവസായ സംരംഭകർക്കും സഹകരിക്കാൻ സാധിക്കണം. ഭാഷാ കമ്പ്യൂട്ടിംഗ് നടപ്പാക്കാനുള്ള വിദഗ്ധ സമിതിയും വിവിധ ഭരണരംഗങ്ങളിൽ അത് പ്രയോഗിക്കാനുള്ള സംവിധാനങ്ങളും വികസിപ്പിക്കണം. നവ സംവേദനോപകരണങ്ങളിലെല്ലാം (കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, അതിനുള്ളിലെ ആപ്ലിക്കേഷനുകൾ, കിന്ഡിൽ തുടങ്ങിയവ) മലയാളം ഉപയോഗിക്കാൻ കഴിയണം. സർക്കാരിന്റെ നിലവിലുള്ളതും വരാനിരിക്കുന്നതുമായ സോഫ്റ്റ് വെയറുകൾ എല്ലാം മലയാളഭാഷ ഉപയോഗിക്കാവുന്ന വിധത്തിൽ ആക്കി ജനങ്ങളിൽ എത്തിക്കണം. പുതിയ, മലയാളത്തിനു ചേരുന്ന രീതിയിലുള്ള വെബ് സൈറ്റുകളും പണം അടയ്ക്കൽ സംവിധാനങ്ങളും മലയാളത്തിൽ ലഭ്യമാകണം. പുതിയ കണ്ടുപിടുത്തങ്ങൾ എല്ലാം ജനറൽ ഓപ്പൺ ലൈസൻസിംഗിനു വിധേയമാക്കി ജനങ്ങൾക്ക് നൽകണം. യന്ത്രാനുയോജ്യമായ മാനകീകരണം, ലിപിചിത്രീകരണം (Calligraphy), വിവർത്തന വികസനം , യൂണിക്കോഡ് ലിപി വികസനം, പലതരം സെർച്ചുകൾ, ഡിജിറ്റൽ നിഘണ്ടുക്കൾ, സ്പെൽ ചെക്ക്, ഗ്രാമർ ചെക്ക്, ഡിക്റ്റാ ഫോൺ, കാഴ്ചയും കേൾവിയും ഇല്ലാത്തവർക്ക് ഉതകുന്ന സാങ്കേതികവിദ്യകൾ ഇവിടെയെല്ലാം ശ്രദ്ധ ചെല്ലേണ്ടതുണ്ട്. സ്വകാര്യമായി ഈ രംഗങ്ങളിൽ നിസ്വാർത്ഥമായി പ്രവർത്തിക്കുന്ന ധാരാളം വ്യക്തികളും സംഘടനകളും ഉണ്ട്, അവരുടെ സഹകരണം ഉറപ്പാക്കണം. സർവ്വകലാശാലകളിൽ ഭാഷാസാങ്കേതികവിഭാഗങ്ങൾ തുടങ്ങണം. പാഠപുസ്തകങ്ങളും പഠനസാമഗ്രികളും ഇലക്ട്രോണിക് രൂപത്തിൽ ലഭ്യമാക്കണം, സർക്കാർ ജീവനക്കാർക്ക് ഭാഷയിൽ സാങ്കേതിക പരിശീലനം നൽകണം. എല്ലാ ഭരണകാര്യങ്ങളും നിയമകാര്യങ്ങളും മലയാളത്തിൽ സാധ്യമാക്കണം.

### 2.6 സാംസ്കാരിക വകുപ്പിന്റെയും ഡയറക്ടറേറ്റിന്റെയും ശാക്തീകരണം

59. സാംസ്കാരിക വകുപ്പിന്റെ ഡയറക്ടറേറ്റ് നിലവിൽ വളരെ ചെറുതാണ്. കലാകാരന്മാരുടെ പെൻഷൻ വിതരണവും Non Recurring Grant ഉം നൽകുന്ന പ്രവർത്തനങ്ങളാണ് വകുപ്പ് നിർവ്വഹിക്കുന്നത്. കേരള സംസ്കാരത്തിന്റെ വ്യാപനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. സാംസ്കാരിക സ്ഥാപനങ്ങളുടെ GIS mapping തയ്യാറാക്കുന്നതിനും വകുപ്പ് പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്.

60. പദ്ധതി അവലോകനം ഫലപ്രദമായി നിർവ്വഹിക്കുന്നതിനും സാമൂഹ്യമായും സാംസ്കാരികമായുമുള്ള ആശയങ്ങൾ ബോധവൽക്കരണ പരിപാടികളിലൂടെ നടത്തുന്നതിനും സാംസ്കാരിക ഡയറക്ടറേറ്റിനെ പര്യാപ്തമാക്കണം. സാംസ്കാരിക വകുപ്പിന്റെ വിവിധ സ്ഥാപനങ്ങളുടെ co-ordination നിർവ്വഹിക്കാനും വകുപ്പിന് കഴിയണം.

61. ദേശീയ അന്തർദേശീയ തലത്തിൽ സാംസ്കാരിക വിനിമയ പരിപാടികൾ സംഘടിപ്പിച്ച് കേരള സംസ്കാരത്തിന് പ്രസക്തി നൽകാൻ കഴിയണം. വിദേശ മലയാളികളുടെ പുതിയ തലമുറയ്ക്ക്

കേരള സംസ്കാരത്തെ കുറിച്ച് അവബോധം ഉണ്ടാക്കാൻ കഴിയണം. സോഷ്യൽ മീഡിയയുടെ വിവിധവശങ്ങൾ പ്രയോജനപ്പെടുത്തി സമൂഹത്തിൽ പ്രസക്ത സന്ദേശങ്ങൾ പ്രചരിപ്പിക്കണം.

62. ഈ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി സാംസ്കാരിക ഡയറക്ടറേറ്റിനെ ശാക്തീകരിക്കണം. അതിനാവശ്യമായ തസ്തികകളും ഫണ്ടും അനുവദിക്കണം.

**2.7 ബോധവത്കരണം**

63. പരിസ്ഥിതി, ലിംഗസമത്വം, മതേതരത്വം, ശാസ്ത്രീയ വീക്ഷണം തുടങ്ങിയ ബോധങ്ങൾ വികസിപ്പിക്കുവാൻ തെരുവ് നാടകം, അരങ്ങുനാടകം, ചെറിയ ഫിലിമുകൾ മുതലായവ പ്രയോജനപ്പെടുത്താം. സമ്മാനങ്ങളിലൂടെയും സബ്സിഡികളിലൂടെയും ഇവയെ പിന്തുണയ്ക്കാം. പുറത്തു നിന്ന് വരുന്ന തൊഴിലാളികൾക്ക് നമ്മുടെ സംസ്കാരവും ഭാഷയും മനസ്സിലാക്കാനും, അവരുടെ സാംസ്കാരിക പശ്ചാത്തലം നമുക്ക് മനസ്സിലാക്കാനും ഉതകുന്ന പരിപാടികൾ ഉണ്ടാകണം. അധികം പരിപാടികളിലും യുവതലമുറയ്ക്കാണ് മുൻകൈ ഉണ്ടാകേണ്ടത്. സ്കൂൾ– കോളേജ് വിദ്യാർഥികളെ ഈ പരിപാടികളിൽ ധാരാളമായി ഉൾക്കൊള്ളിക്കണം. സ്കൂളുകളിൽ സർവ്വ ശിക്ഷാ അഭിയാനിന്റെ ആഭിമുഖ്യത്തിൽ സംഗീതം, ചിത്രകല എന്നിവയ്ക്കൊപ്പം നാടകം, സിനിമ എന്നിവയിൽ പരിശീലനം ഏർപ്പെടുത്താം. സ്കൂൾ ഓഫ് ഡ്രാമ, സ്കൂൾ ഓഫ് ആർട്സ്, സംഗീത കോളേജുകൾ തുടങ്ങിയവയിൽ നിന്ന് പഠിച്ചിറങ്ങുന്നവരെ ഇതിനായി പ്രയോജനപ്പെടുത്താം.

**2.8 പെൻഷൻ പദ്ധതി**

64. വാർധക്യം മൂലം പെർഫോം ചെയ്യാൻ കഴിയാതായ കലാകാരന്മാർക്ക് പെൻഷൻ പദ്ധതി നടപ്പാക്കണം.

**ഉപസംഹാരം**

65. കേരളത്തിന്റെ സാംസ്കാരകോത്പന്നങ്ങൾക്കു ആവശ്യക്കാർ കൂടിവരികയും അതിനായി പണം ചെലവഴിക്കാൻ മടിയുമില്ലായെന്ന സാഹചര്യത്തിൽ കലാ, സാംസ്കാരിക രംഗത്ത് ഒരു ഭ്രംശം അഥവാ തിരിവ് അനിവാര്യമായിരിക്കുന്നു. സാംസ്കാരികോത്പന്നങ്ങളുടെ മത്സരബുദ്ധിയോടുള്ള കടന്നുവരവ് സാംസ്കാരികാന്തരീക്ഷത്തിന് സമ്മർദ്ദമാവുന്നുണ്ടെങ്കിലും കേരളത്തിന് ഈ രംഗങ്ങളിൽ ഒരു പ്രധാന സ്ഥാനമാണുള്ളതിനാൽ ആഗോള സാംസ്കാരിക മണ്ഡലത്തിൽ വലിയതോതിൽ ഇടപെടാൻ കഴിയും. ഈയൊരു പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് പതിമൂന്നാം പദ്ധതിക്കാലയളവിൽ കലാ, സാംസ്കാരിക രംഗങ്ങളിലെ വകയിരുത്തൽ ഗണ്യമായി വർധിപ്പിക്കേണ്ടതുണ്ട്. അതിനർത്ഥം ഭരണകൂടം സാംസ്കാരിക പ്രവർത്തനങ്ങൾ കൈയ്യടക്കുന്നു എന്നല്ല, മറിച്ച് അവയ്ക്ക് പ്രോത്സാഹനവും സൗകര്യമൊരുക്കലും ചെയ്തുകൊടുക്കുന്നതിൽ സർക്കാരിന്റെ പങ്ക് നിർണ്ണായകമായി വർധിപ്പിക്കുക എന്നതുമാത്രമാണ്. യാഥാസ്ഥിതികത്വത്തിന്റെയും വർഗീയതയുടെയും കേന്ദ്രങ്ങളായി മാറാതെ പുരോഗമനാശയങ്ങളുടെ പ്രക്ഷേപണകേന്ദ്രങ്ങളാകണം കേരളത്തിന്റെ സാംസ്കാരിക മണ്ഡലം. ജനകീയമായ ഇടപെടലുകൾ കലാ, സാംസ്കാരിക പ്രവർത്തനങ്ങളുടെ കേന്ദ്രബിന്ദുവാകണം. അതോടൊപ്പം വർഗീയ ധ്രുവീകരണം തടയാനുള്ളതായിരിക്കണം കലാ, സാംസ്കാരിക പ്രവർത്തനങ്ങൾ.

# അധ്യായം 3
# നിർദ്ദേശങ്ങൾ, കർമ്മ പരിപാടികൾ (സ്കീമുകൾ)

## നിർദ്ദേശങ്ങൾ

66. ജനകീയ ഇടപെടലുകൾകൊണ്ട് ക്ഷേത്രങ്ങളെ പുരോഗമാനാശയങ്ങളുടെ പ്രക്ഷേപണകേന്ദ്രങ്ങളാക്കുകയും വായനശാലാ സംസ്കാരം വികസിപ്പിക്കുകയും ചെയ്യുക.

1. നഗര-ഗ്രാമ വ്യത്യാസമില്ലാതെ ആധുനിക സൌകര്യങ്ങളോടെ സാംസ്കാരിക, കലാ പ്രവർത്തനങ്ങൾക്കായി പൊതു-സ്വകാര്യ സാംസ്കാരിക ഇടങ്ങളുടെ ഒരു ശൃംഖല പ്രാദേശിക ജനതയെ ഉൾപ്പെടുത്തി സൃഷ്ടിക്കണം.
2. പരിചയ സമ്പന്നരെ ഉൾപ്പെടുത്തി മ്യൂസിയങ്ങൾ പുനസംഘടിപ്പിക്കുകയും സൂക്ഷിക്കുകയും ചെയ്യുക. ജീവിതശൈലിയും പാരമ്പര്യവുമായി ബന്ധപ്പെട്ട പുതിയ മ്യൂസിയങ്ങൾ സ്ഥാപിക്കുക.
3. വിനോദസഞ്ചാരത്തിന് സഹായകമാവുന്നതരത്തിൽ എഴുത്തുകാരന്മാരുടെ സ്മാരകങ്ങൾ നിർമ്മിച്ച്പരിപാലിക്കുക.
4. ജില്ലാകേന്ദ്രങ്ങളിൽ ആർട്ട് ഗാലറി – വിവിധ സൗകര്യങ്ങളോടുകൂടിയത് – സ്ഥാപിക്കുക.
5. പുരാവസ്തു സംരക്ഷണ സ്ഥലങ്ങളിലെ കൈയേറ്റം ഒഴിപ്പിച്ച് വേലികെട്ടി സംരക്ഷിക്കണം. പുരാവസ്തു സംരക്ഷണത്തിന് യോഗ്യതയുള്ളവരെ ചുമതലപ്പെടുത്തണം. വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ ഭൌതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തണം.
6. പുരാവസ്തു വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനായി ഒരു പദ്ധതി രൂപരേഖ തയ്യാറാക്കണം.
7. വിദഗ്ധസ്ഥാപനങ്ങളുടെ സഹകരണത്തോടെ സംരക്ഷിത സ്മാരകങ്ങൾ സംരക്ഷിച്ച് നിലനിർത്തണം. സംരക്ഷിത സ്മാരകങ്ങളും പുരാവസ്തുക്കളും സംരക്ഷിക്കണമെന്ന അവബോധം ജനങ്ങളിൽ ഉണ്ടാക്കണം
8. സാംസ്കാരിക സ്ഥാപനങ്ങളുടെ ഏകോപനത്തിനും സമന്വയത്തിനും പദ്ധതി വിലയിരുത്തലിനുമായി ഒരു കൾച്ചറൽ കൌൺസിൽ രൂപീകരിക്കേണ്ടതുണ്ട്.
9. അടിയന്തിരമായി ചരിത്രരേഖകളുടെ ഡിജിറ്റലൈസേഷൻ നടത്തണം. കേരളത്തിനു പുറത്തുനിന്നുള്ള രേഖകൾ ലഭ്യമാക്കണം.
10. നാടോടിക്കലകൾക്കും കരകൌശല വിദ്യകൾക്കും പ്രോത്സാഹനവും പരിശീലനവും നൽകണം.
11. പുരാരേഖാ പഠനം, പൈതൃകം എന്നിവ പാഠ്യവിഷയമാക്കണം.
12. ഒരു കേരള സംസ്കാര മ്യൂസിയം ഉണ്ടാക്കണം. കേരളത്തിന്റെ സാംസ്കാരിക ചരിത്രം രചിക്കണം.
13. കമ്മ്യൂണിറ്റി ആർക്കൈവ്സ് പദ്ധതി, താളിയോലകളുടെ ആർക്കൈവ്സ് മ്യൂസിയം, അന്താരാഷ്ട്ര തലത്തിലുള്ള രേഖകളുടെ കൈമാറ്റ പദ്ധതി എന്നിവ നടപ്പാക്കണം.
14. പുരാരേഖാ വകുപ്പിനെ ചരിത്രപഠനവുമായി ബന്ധപ്പെടുത്തണം, അതിന് സാമ്പത്തിക സഹായം
 നൽകണം.
15. മതിലകം രേഖകളിലെ ഭാഷയും സ്ക്രിപ്റ്റും പഠിക്കാൻ വിദഗ്ധരെ നിയമിച്ചും ഗവേഷക സമൂഹത്തെ പങ്കാളികളാക്കിയും ആ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കണം. പുരാരേഖാ വകുപ്പിന്റെ പ്രസിദ്ധീകരണം ശക്തിപ്പെടുത്തണം.
16. കലാകാരന്മാരുടെയും കരകൗശലവിദഗ്ധരുടെയും നൈപുണ്യ വികസനത്തിലൂടെയും വിപണനത്തിലൂടെയും ജീവനോപാധി കണ്ടെത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണം.
17. കേരള സംസ്കാരവുമായി ബന്ധപ്പെട്ട സുവനീറുകൾ രൂപകല്പന ചെയ്ത് വിപണനം നടത്തുന്നതിന് പദ്ധതി തയ്യാറാക്കണം.
18. പൈതൃക ഗ്രാമങ്ങളും അവയുടെ ഉല്പന്നങ്ങളും സംരക്ഷിക്കുന്നതിനുള്ള നടപടി ഉണ്ടാകണം.

19. ബിനാലെ, ചലച്ചിത്രോത്സവം, നാടകോത്സവം എന്നിവയ്ക്കെല്ലാം അക്കാദമിക ഘടകം ഉണ്ടാവണം. അതുപോലെ അന്തർദേശീയ സംഗീതോത്സവവും നടത്താവുന്നതാണ്.
20. എല്ലാവർഷവും കേരളോത്സവം നടത്തുക. ഇന്ത്യൻ സാഹിത്യോത്സവം സംഘടിപ്പിക്കുക.
21. ചരിത്രപ്രാധാന്യമുള്ള എല്ലാ സ്ഥാപനങ്ങൾ, കെട്ടിടങ്ങൾ, സ്മാരകങ്ങൾ, സ്ഥലങ്ങൾ എന്നിവിടങ്ങളിലും അതതു സ്ഥാപനവുമായി ബന്ധപ്പെട്ട ചരിത്രരേഖകളും വിവരങ്ങളും ഡിജിറ്റൽ രൂപത്തിൽ ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിച്ച് പ്രദർശിപ്പിക്കുക.
22. സാംസ്കാരിക സ്ഥാപനങ്ങളുടെ ഏകോപനം വേണം. കഴിയുന്നത്ര പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ അത് പ്രയോജനപ്പെടും.
23. സാംസ്കാരികസ്ഥാപനങ്ങളുടെ വികേന്ദ്രീകരിച്ചുള്ള പ്രവർത്തനവും പരമാവധി സാദ്ധ്യമാക്കണം.
24. എല്ലാതലങ്ങളിലും നടക്കുന്ന കലാ-സാഹിത്യ ഉത്സവങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും പങ്കാളിത്തം ഉണ്ടാവണം.
25. കേരള ഭാഷകളെക്കുറിച്ചുള്ള ഗവേഷണം, പുതിയവാക്കുകളുടെ രൂപീകരണം, തർജ്ജമ എന്നിവ പ്രോത്സാഹിപ്പിക്കുന്ന നടപടികളുണ്ടാവണം.
26. ഭാഷയുമായി ബന്ധപ്പെട്ട വിവിധ സ്ഥാപനങ്ങളുടെ പ്രവർത്തനം സംയോജിപ്പിക്കണം.
27. ഭാഷാ സാങ്കേതിക വിദ്യാ വികസനം (കമ്പ്യൂട്ടർ, മൊബൈൽ ഫോൺ തുടങ്ങിയവയിൽ പ്രയോഗിക്കാവുന്ന ആപ്ലിക്കേഷനുകൾ)പ്രോത്സാഹിപ്പിക്കണം. ഇതിനെല്ലാം മലയാള ഭാഷയായിരിക്കണം മാധ്യമം .
28. എല്ലാ ഭരണകാര്യങ്ങളും നിയമകാര്യങ്ങളും മലയാളത്തിൽ സാധ്യമാക്കണം.
29. സാംസ്കാരിക വകുപ്പിന്റെ ഡയറക്ടറേറ്റിനെ ശാക്തീകരിക്കണം. ആവശ്യമായ തസ്തികകളും ഫണ്ടും സർക്കാർ ലഭ്യമാക്കണം.
30. ദേശീയ അന്തർദേശീയ തലത്തിലുള്ള സാംസ്കാരിക വിനിമയ പരിപാടികളും വിദേശമലയാളികൾക്ക് കേരള സംസ്കാരത്തെക്കുറിച്ചുള്ള അവബോധം ഉണ്ടാക്കുന്നതിനുള്ള പരിപാടികളും സംഘടിപ്പിക്കണം. സമൂഹത്തിൽ പ്രസക്ത സന്ദേശങ്ങൾ പ്രചരിപ്പിക്കണം.
31. ബോധവത്ക്കരണത്തിന് സാംസ്കാരിക പരിപാടികൾ ഉപയോഗപ്പെടുത്തണം. ഇതിനായി യുവാക്കളെയും സ്കൂൾ വിദ്യാർത്ഥികളെയും വിനിയോഗിക്കണം.
32. ഇതരസംസ്ഥാനത്തൊഴിലാളികൾക്കും നമ്മുടേതുപോലെ സമ്പന്നമായ കലാ സാംസ്കാരിക സമ്പത്തുണ്ട് . അവരുടെ കലാമേളകൾ സംഘടിപ്പിക്കണം. സാംസ്കാരികവിനിമയ പരിപാടികൾപോലെ അവർക്കുമുന്നിൽ നമ്മുടെ കലാസാംസ്കാരിക പരിപാടികളും അതരിപ്പിക്കണം.
33. കലാകാരന്മാർക്കുള്ള പെൻഷൻ പദ്ധതി വിപുലീകരിക്കണം.

## അധ്യായം 4
## അനുബന്ധം

### സാംസ്കാരിക സ്ഥാപനങ്ങൾ

67. സാംസ്കാരിക വകുപ്പിന് കീഴിൽ സംസ്ഥാന പുരാവസ്തു വകുപ്പ്, പുരാരേഖ വകുപ്പ്, മ്യൂസിയം-മൃഗശാല വകുപ്പ്, സാംസ്കാരിക ഡയറക്ടറേറ്റ് എന്നീ നാല് സർക്കാർ വകുപ്പുകളും കൂടാതെ ബജറ്റ് വിഹിതം മുഖേന സർക്കാർ പദ്ധതി ഇനത്തിൽ സഹായം നൽകുന്ന 22 സ്ഥാപനങ്ങളും പ്രവർത്തിച്ച് വരുന്നു. ഇവയുടെ പ്രധാന പ്രവർത്തനങ്ങളെ സംബന്ധിച്ച് സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു.

### സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം

68. സർക്കാരിന്റെ സാംസ്കാരിക നയത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനായാണ് സാംസ്കാരിക ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുള്ളത്. സാംസ്കാരിക പ്രവർത്തനങ്ങൾക്കും സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം, അശരണരും രോഗ ബാധിതരുമായ കലാ സാംസ്കാരിക പ്രവർത്തകർക്കുള്ള അടിയന്തര ചികിത്സയ്ക്കുള്ള ധന സഹായം, സാംസ്കാരിക സ്ഥാപനങ്ങളിലെ വിരമിച്ചവർക്കുള്ള പെൻഷൻ ധനസഹായം, ജവഹർ ബാലഭവനു കൾക്കുള്ള ധനസഹായം, നിർദ്ധനരായ കലാകാരന്മാർ /സാഹിത്യകാരന്മാർ എന്നിവർക്കുള്ള ധന സഹായം എന്നിവ നൽകുന്നത് സാംസ്കാരിക ഡയറക്ടറേറ്റാണ്. കേരള സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുക എന്നത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കാനായി ആവിഷ്കരിച്ച പ്രാധാന പദ്ധതികളിലൊന്നാണ്. സ്ഥലത്തിന്റെ വില ഉൾപ്പെടുത്താതെ ഓരോ ജില്ലകളിലേയും സാംസ്കാരിക സമുച്ചയത്തിന് ഏകദേശം 40 കോടി രൂപ യാണ് ചെലവ് പ്രതീക്ഷിക്കുന്നത്. Kerala Infrastructure Investment Fund Board (KIIFB) ന്റെ പ്രത്യേക സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന ടി പദ്ധതിയുടെ നോഡൽ ഓഫീസർ സാംസ്കാരിക വകുപ്പ് സെക്രട്ടറിയും നോഡൽ ഏജൻസി, സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റും Special Purpose Vehicle (SPV) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനുമായിരിക്കും.

### മ്യൂസിയം മൃഗശാലാ വകുപ്പ്, തിരുവനന്തപുരം

69. കേരള സാംസ്കാരിക വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള ഒരു വകുപ്പാണ് കാഴ്ചബംഗ്ലാവും, മൃഗശാലയും, തിരുവനന്തപുരം ആസ്ഥാനമാക്കിയുള്ള കേന്ദ്ര ഓഫീസ്, മൃഗശാല, ബൊട്ടാണിക്കൽ ഗാർഡൻ, ആർട്ട് മ്യൂസിയം, നാചറൽ ഹിസ്റ്ററി മ്യൂസിയം, ശ്രീ ചിത്രാ ആർട്ട് ഗ്യാലറി, പ്ലാനിംഗ്, എഡ്യൂക്കേഷൻ ആന്റ് പബ്ലിക്കേഷൻ വിഭാഗം, വെറ്റിനറി സെക്ഷൻ എന്നിവ ഉൾപ്പെട്ടതാണ്. സ്റ്റേറ്റ് മ്യൂസിയം ആന്റ് സൂ, തൃശ്ശൂർ, കോഴിക്കോട് ആർട്ട് ഗ്യാലറി ആന്റ് കൃഷ്ണ മേനോൻ മ്യൂസിയം എന്നിവ വകുപ്പിന്റെ മേഖലാ യൂണിറ്റുകളാണ്. വിനോദ സഞ്ചാരികളുടെ പ്രധാന ആകർഷണ കേന്ദ്രങ്ങളാണ് ഈ സ്ഥാപനങ്ങൾ. തിരുവനന്തപുരം മൃഗശാലയിലേയ്ക്ക് കൂടുതൽ മൃഗങ്ങളെ കൊണ്ടു വരിക സസ്യോദ്യാനങ്ങളുടെയും, മൃഗങ്ങളുടെ വാസസ്ഥലത്തിന്റെ വികസനവും അറ്റകുറ്റപ്പണികളും നടത്തുന്നതിനും വിദ്യാഭ്യാസ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനും വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു.

### പുരാരേഖാ വകുപ്പ്

70. സംസ്ഥാന സർക്കാർ, വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവയുമായി ബന്ധപ്പെട്ട് സ്ഥിരമൂല്യമുള്ളതും നിലവിൽ ഉപയോഗത്തിലില്ലാത്തതുമായ പ്രധാന രേഖകളുടെ സൂക്ഷിപ്പിന് ചുമതലപ്പെട്ട വകുപ്പാണ് പുരാരേഖ വകുപ്പ്. സ്ഥായിയായി സംരക്ഷിക്കപ്പെടേണ്ടതായ ചരിത്ര പ്രാധാന്യ മുള്ള രേഖകൾ, താളിയോലകൾ, കൈയ്യെഴുത്തു പ്രതികൾ, സർക്കാർ രേഖകൾ തുടങ്ങിയവയുടെ സംരക്ഷണം വകുപ്പ് ഏറ്റെടുത്തു നടത്തുന്നു. ഡിജിറ്റൽ പുരാരേഖ തയ്യാറാക്കൽ, വിവിധ വകുപ്പുകളിൽ സൂക്ഷിച്ചിരിക്കുന്ന രേഖകളുടെ സർവ്വേ ശേഖരണം, സംരക്ഷണം. പുരാവസ്തു വകുപ്പിൽ സൂക്ഷിച്ചിരിക്കുന്ന താളിയോലകൾ, യുനെസ്കോയുടെ വേൾഡ് ഹെറിറ്റേജ് സൈറ്റിൽ ഉൾപ്പെടുത്തൽ മറ്റ് വകുപ്പുക ളിലേയും. ജില്ലാ കളക്ടേറ്ററുകളിലേയും രേഖകളുടെ ക്രമീകരണവും സംരക്ഷണവും തുടങ്ങിയ പ്രവർത്ത നങ്ങൾ നടത്തിവരുന്നു.

**പുരാവസ്തു വകുപ്പ്**

71. സംസ്ഥാനത്തിന്റെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യത്തെ വിളിച്ചോതുന്ന പുരാവസ്തുക്കളുടെയും, നിർമ്മിതികളുടെയും സംരക്ഷണവും പഠനവുമാണ് പുരാവസ്തു വകുപ്പിന്റെ പ്രധാന ചുമതല. 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട്, 1972 ലെ ചട്ടങ്ങൾ എന്നിവ പ്രകാരം ചരിത്രസ്മാരകങ്ങളും പൈതൃക സമ്പത്തും സംരക്ഷിച്ചു വരുന്നു. പുരാവസ്തു വകുപ്പിന്റെ അധീനതയിൽ നിലവിൽ 179 സംരക്ഷിത സ്മാരകങ്ങളാണ് ഉള്ളത്. ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരാവസ്തു വകുപ്പ് സ്വീകരിച്ചു വരുന്നു. 10 പുരാവസ്തു മ്യൂസിയങ്ങളും സ്മാരകങ്ങളും ചുമർ ചിത്രങ്ങൾ മരചിത്രകൊത്തുപണികൾ ഉദ്ഘനനത്തിലൂടെ ലഭിക്കുന്ന വസ്തുക്കൾ എന്നിവയുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായുള്ള ഒരു പ്രാദേശിക സംരക്ഷണ പരീക്ഷണശാലയും പുരാവസ്തു വകുപ്പിന് കീഴിലായുണ്ട്. പത്മനാഭപുരം കൊട്ടാരം, ഇടയ്ക്കൽ ഗുഹ എന്നിവയെ ലോക പൈതൃ ക പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായുള്ള പ്രവർത്തനം സംരക്ഷിക്കപ്പെട്ടിട്ടുള്ള അമ്പലങ്ങളിലേയും പള്ളി കളിലുമുള്ള ശിലാശില്പങ്ങളിലേയും തടികൊണ്ടുള്ള വസ്തുക്കളുടെയും ശാസ്ത്രീയസംരക്ഷണ പെയിന്റിംഗുകളുടെയും ചുമർ ചിത്രങ്ങളുടെയും രാസശുചീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**ബജറ്റ് വിഹിതം മുഖേന പദ്ധതിയിനത്തിൽ സർക്കാർ സഹായം നൽകുന്ന സ്ഥാപനങ്ങൾ**

**ഗുരു ഗോപിനാഥ് നടനഗ്രാമം, തിരുവനന്തപുരം**

72. ഇന്ത്യൻ നൃത്ത രൂപങ്ങളുടെ ഒരു പഠന, പരിശീലന ഗവേഷണ കേന്ദ്രമായാണ് ഗുരുഗോപിനാഥ് നടന ഗ്രാമം സ്ഥാപിതമായത്. വിവിധ നൃത്തരൂപങ്ങളുടേയും സംഗീതോപകരണങ്ങളുടേയും പരിശീലന ക്ലാസുകൾ നടന ഗ്രാമം നടത്തിവരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ ഇന്ത്യയിലെ ആദ്യത്തെ ദേശീയ നൃത്ത മ്യൂസിയം 2015 ഒക്ടോബർ 2 ന് ഗുരുഗോപിനാഥ് നടന ഗ്രാമത്തിൽ പ്രവർത്തനം ആരംഭിച്ചു. കേരളത്തിലെ നൃത്തരൂപങ്ങളെക്കുറിച്ചുള്ള സെമിനാറുകളും, ദേശീയ തലത്തിൽ സെമിനാറുകളും, ശില്പശാലകളും , പ്രഭാഷണങ്ങളും നടത്തി വരുന്നു. കൂടാതെ നടനോ ത്സവം 2016, ഗുരുഗോപിനാഥ് നാട്യപുരസ്കാരം, അന്തർ സംസ്ഥാന നൃത്തോത്സവം, ശില്പശാലകൾ, പ്രതിമാസ നൃത്തപരിപാടികൾ തുടങ്ങിയവ നടത്തിവരുന്നു.

**മലയാളം മിഷൻ, തിരുവനന്തപുരം**

73. പ്രവാസി മലയാളികളുടെ കുട്ടികൾക്ക് മലയാള ഭാഷാ പഠനം സാധ്യമാക്കുന്നതിനും മലയാളികളുടെ സംസ്കാര പാരമ്പര്യം പരിചയപ്പെടുത്തുന്നതിനുമായി സ്ഥാപിക്കപ്പെട്ടതാണ് മലയാളം മിഷ ൻ. ലോകമെമ്പാടുമുള്ള മലയാളികൾക്ക് മാതൃഭാഷാ പഠനത്തിന് അവസരമൊരുക്കുന്നതിന് മലയാളം മിഷന്റെ നേതൃത്വത്തിൽ ഇന്ത്യയിലെ 14 മേഖലകളിലുള്ള 700 ലധികം പഠനകേന്ദ്ര ങ്ങളിലാ യി 15,000ത്തോളം കുട്ടികൾ മലയാളം പഠിച്ചുവരുന്നു. കൂടാതെ വിദേശരാജ്യങ്ങളായ ബഹ്റൈ ൻ, ഒമാൻ, സിംഗപ്പൂർ, നോർത്ത് കരോളിന എന്നിവിടങ്ങളിലും പഠനകേന്ദ്രങ്ങൾ പ്രവർത്തിക്കു ന്നുണ്ട്. അദ്ധ്യാപകർക്ക് പരിശീലനം, പാഠപുസ്തകങ്ങൾ , കൈപുസ്തകങ്ങൾ എന്നിവയുടെ അച്ചടി യും വിതരണവും, തിരുവനന്തപുരത്ത് ഭാഷാ പഠന കേന്ദ്രം സ്ഥാപിക്കൽ, പഠനകേന്ദ്രങ്ങൾക്ക്സാമ്പത്തിക സഹായങ്ങൾ നൽകൽ എന്നിവയും മലയാളം മിഷന്റെ ചുമതലയിൽപ്പെടുന്നു.

**വാസ്തുവിദ്യാ ഗുരുകുലം, ആറന്മുള**

74. പാരമ്പര്യ വാസ്തുവിദ്യകളും ചുമർചിത്രങ്ങളും പരിപോഷിപ്പിക്കുന്നതിനുള്ള ഒരു സ്ഥാപനമാണ് ആറന്മുള യിലെ വാസ്തുവിദ്യാ ഗുരുകുലം. പാരമ്പര്യ വാസ്തു ശാസ്ത്രത്തെ സംരക്ഷിക്കുന്നതിനും വളർത്തുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ ഗുരുകുലം ഏറ്റെടുത്തു നടത്തുന്നു. സർവ്വേകൾ, ഡോക്യുമെന്റേഷൻ, സ്വകാര്യ പാരമ്പര്യ വാസ്തുശിൽപ്പങ്ങളുടെ പരിരക്ഷണം എന്നീ പ്രവർത്തനങ്ങൾ ഇതിലുൾപ്പെടുന്നു. കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയം വാസ്തുവിദ്യാ ഗുരുകുലത്തെ വാസ്തുവിദ്യയുടെയും അനുബന്ധ വിഷ യങ്ങളുടെയും നോഡൽ ഏജൻസി ആയി തത്വത്തിൽ അംഗീകരിച്ച സാഹചര്യത്തിൽ വാസ്തുവിദ്യാ ഗുരുകുലം ഒരു ദേശീയ ഇൻസ്റ്റിറ്റ്യൂട്ട് ആയി രൂപാന്തരപ്പെടുത്തുന്നതിനാവശ്യമായ രീതിയിൽ പ്രവർത്ത നങ്ങൾ ത്വരിതപ്പെടുത്തി വരുന്നു.

**കേരള ഫോക് ലോർ അക്കാദമി, കണ്ണൂർ**

75. സംസ്ഥാനത്തെ നാടൻ കലകൾ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യ ത്തോടെയാണ് 1995ൽ കേരള ഫോക് ലോർ അക്കാദമി സ്ഥാപിതമായത്. നാടൻ കലകളുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായി നാടൻ കലാമേളകൾ, സെമിനാറുകൾ, നിർദ്ധനരായ നാടൻകലാകാരന്മാർക്ക് സഹായം നൽകൽ, അവാർഡുകളും ഫെല്ലോഷിപ്പുകളും നൽകൽ, ശിൽപ്പശാലകൾ, ഡോക്യുമെന്റേഷൻ എന്നിവ അക്കാഡമി സംഘടിപ്പിക്കുന്നു.

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് , തിരുവനന്തപുരം**

76. സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് കുട്ടികൾക്കുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നു. കുട്ടികൾകാ യി 'തളിര്' എന്ന മാഗസിൻ പ്രസിദ്ധീകരിക്കുകയും കുട്ടികളിലെ വായനാശീലവും സർഗ്ഗാത്മകതയും വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ ഏറ്റെടുത്തു നടത്തുകയും ചെയ്യുന്നു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിവരുന്ന ഒരു പരിപാടിയാണ് അക്ഷരയാത്ര. മാതൃഭാഷയുടെ പ്രാധാന്യം കുട്ടികൾക്കു മനസ്സിലാക്കി കൊടുക്കുക, കുട്ടികളിൽ വായനാ ശീലം വളർത്തുക എന്നിവയാണ് അക്ഷരയാത്രയുടെ പ്രധാന ലക്ഷ്യം. ഇതോടനുബന്ധിച്ച് സ്കൂളുകളിൽ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങളുടെ പ്രദർശനം നടത്തുന്നുണ്ട്. 'എല്ലാ കുട്ടികൾക്കും പുസ്തകം' ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ കുട്ടികൾക്ക് അവർക്കിഷ്ടമുള്ള പുസ്തകം പകുതി വിലയ്ക്ക് നൽകുകയും കുട്ടികൾക്കായി സാഹിത്യ മത്സരങ്ങൾ സംഘടിപ്പിച്ച് സമ്മാനം വിതരണം നടത്തു കയും ചെയ്തിട്ടുണ്ട്. വേനൽ അവധിക്കാലത്ത് കുട്ടികൾക്കായി വിവിധ വിഷയങ്ങളിൽ സർഗ്ഗവസന്തം എന്ന പേരിൽ ക്യാമ്പുകൾ നടത്തി വരുന്നു.

**കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം**

77. വിജ്ഞാന കോശങ്ങളും സമാനതരത്തിലുള്ള മറ്റ് റഫറന്സ് പുസ്തകങ്ങളും മലയാള ഭാഷയിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള സ്ഥാപനമാണ് സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്. പൊതു വിജ്ഞാനകോശത്തിന്റെ 15 വാല്യങ്ങളും വിശ്വസാഹിത്യ വിജ്ഞാന കോശത്തിന്റെ 8 വാല്യങ്ങളും ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതുവിജ്ഞാനകോശത്തിന്റെ 4 വാല്യങ്ങളും വിശ്വസാഹിത്യ വിജ്ഞാനകോശത്തിന്റെ 2 വാല്യങ്ങളും പ്രസിദ്ധീകരിക്കാനുണ്ട്. വിശ്വസാഹിത്യ വിജ്ഞാനകോശം വാല്യം 10ന്റെ പൂർത്തീകരണ ജോലികൾ, നവസാങ്കേതിക വിജ്ഞാനകോശത്തിന്റെ തുടർ ജോലികൾ സെമിനാറുകളും ശില്പശാലകളും, ഉചിതമായ ഇൻപുട്ട് ഹാർഡ്വെയറുകളും സോഫ്റ്റ്വെയറുകളും ഉപയോഗിച്ച് കംപ്യൂട്ടറുകളുടെ നിലവാരം മെച്ചപ്പെടുത്തൽ തുടങ്ങിയവ പ്രവർത്തനലക്ഷ്യങ്ങളിൽപ്പെടുന്നു.

**ജവഹർ ബാലഭവൻ, തിരുവനന്തപുരം**

78. കുട്ടികളുടെ കലാ –സാംസ്കാരിക –ഭാഷാപരമായ കഴിവുകൾ പോഷിപ്പിക്കുന്നതിനായി സ്ഥാപിച്ചതാണ് ജവഹർ ബാലഭവൻ. തിരുവനന്തപുരം ബാലഭവനെക്കൂടാതെ കൊല്ലം, ആലപ്പുഴ,കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിലായി 4 ജില്ലാതല ബാലഭവനുകളും പ്രവർത്തിക്കുന്നുണ്ട്. മധ്യവേനലവധിക്കാലത്തും ജൂൺ മുതൽ ഫെബ്രുവരി വരെ അവധിദിന ക്ലാസുകളിലും സായാഹ്നക്ലാസുകളിലും കുട്ടികൾ പ്രവേശനം നേടുന്നു. തിരുവനന്തപുരം ജവഹർ ബാലഭവനിലെ കുട്ടികളുടെ ഗ്രന്ഥശാല ഓഫീസ് നവീകരണം ചുറ്റമതിലിന്റെയും ക്ളെ മോഡലിംഗ് ക്ളാസിന്റെയും നിർമ്മാണം ആലപ്പുഴ ജവഹർ ബാലഭവനിൽ മിനിഹാൾ വിശ്രമകേന്ദ്രം മുതലായവയുടെ നിർമ്മാണവും ഫർണിച്ചറുകൾ വാങ്ങൽ സംഗീതോപകരണങ്ങളുടെയും കളിക്കോപ്പുകളുടെയും അറ്റകുറ്റപ്പണികൾ മുതലായവ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു.

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം**

79. പ്രാദേശിക ഭാഷാ വികസനത്തിന്റെ ദേശീയ നയത്തിന്റെ ഭാഗമായാണ് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായത്. പാഠപുസ്തകങ്ങൾ, നിഘണ്ടുകൾ, ശബ്ദാവലികൾ, വൈജ്ഞാനിക ഗ്രന്ഥങ്ങൾ എന്നിവ പ്രസിദ്ധീകരിക്കുക എന്നതാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൗത്യം. എല്ലാ വർഷവും അന്താരാഷ്ട്ര പുസ്തകമേളയും അതിനോടനുബന്ധിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാര സമർപ്പണവും സാഹിത്യ സാംസ്കാരിക സമ്മേളനവും നടത്തി വരുന്നു. എല്ലാമാസവും കേരളത്തിന്റെ വിവിധ ഭാഗങ്ങ ളിലായി ഏറ്റവും കുറഞ്ഞത് 6 പുസ്തക പ്രദർശന വിൽപ്പനയും അതോടൊപ്പം സാഹിത്യ സാംസ്കാരിക സമ്മേളനങ്ങളും ശില്പശാലകളും നടത്തിവരുന്നു.

80. കമ്പ്യൂട്ടറിന് ഭാഷയെ സജ്ജമാക്കാൻ വേണ്ടി ഗ്രാമർചെക്ക് സിസ്റ്റം, സ്പെൽചെക്ക് സിസ്റ്റം എന്നിവയെക്കൂടാതെ പുതിയ ഫോണ്ടുകൾ ആവിഷ്ക്കരിക്കുക, ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേയ്ക്കുള്ള യന്ത്ര വിവർത്തന സംവിധാനം ഓൺലൈനിൽ ലഭ്യമാക്കുക തുടങ്ങിയ കാര്യങ്ങൾ നടത്തിയിട്ടുണ്ട്. ശ്രേഷ്ഠഭാഷ – ശാസ്ത്രഭാഷയാക്കുവാൻ വേണ്ടി 200–ൽ പരം വൈജ്ഞാനിക ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. പുനഃപ്രസിദ്ധീകരണമില്ലാതെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മലയാളത്തിന്റെ ക്ലാസ്സിക് കൃതികളിൽ നിന്ന് തിരഞ്ഞെടുത്ത 100 എണ്ണം പ്രസിദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കേരള കലാമണ്ഡലം, തൃശ്ശൂർ**

81. കേരളത്തിലെ പാരമ്പര്യ കലകളായ കഥകളി, മോഹിനിയാട്ടം, കൂടിയാട്ടം, തുള്ളൽ എന്നിവയുടെയും അവയുടെ സംഗീത വാദ്യഉപകരണങ്ങളുടെ സംരക്ഷണത്തിനും വേണ്ടി 1930ൽ മഹാകവി വള്ളത്തോൾ നാരായണമേനോൻ സ്ഥാപിച്ചതാണ് കലാമണ്ഡലം. 2007ൽ കൽപ്പിത സർവ്വകലാശാല പദവി ലഭിച്ചു.

82. കേരള കലാമണ്ഡം കല്പിത സർവകലാശാലയിൽ 12.4 കോടി ചെലവാക്കി ദക്ഷിണേന്ത്യൻ രംഗകലാ മ്യൂസിയം നിർമ്മിച്ചു. സർവകലാശാലയുടെ പ്രവർത്തനം വിലയിരുത്തി കേരള കലാമണ്ഡലത്തിന് യൂ.ജി.സി. നിയോഗിച്ച വിദഗ്ധ സമിതി 12–ആം സ്റ്റാറ്റസ് അനുവദിച്ചു. കലാമണ്ഡലത്തിന്റെ പ്രവർത്തന ങ്ങൾ ബഹുമുഖമാക്കുന്നതിന്റെ ഭാഗമായി ഈ സ്ഥാപനത്തെ സമ്പൂർണ്ണ സാംസ്കാരിക സർവകലാ ശാലയാക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

### കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ

83. മലയാള ഭാഷയുടേയും സാഹിത്യത്തിന്റേയും വികസനത്തിനായി 1956ൽ സ്ഥാപിതമായ സാഹിത്യ അക്കാദമി മലയാളത്തിലെ അപൂർവവും അമൂല്യവുമായ പുസ്തകങ്ങളും സാഹിത്യ ലോകം, സാഹിത്യ ചക്രവാളം തുടങ്ങിയ മാഗസിനുകളും പ്രസിദ്ധീകരിക്കുന്നു. പകർപ്പവകാശത്തിന്റെ പരിധിയിൽ വരാത്ത ആയിരത്തിലധികം പുസ്തകങ്ങൾ ഇന്റർനെറ്റിൽ ലഭ്യമാണ്. 5000 അപൂർവ്വ പുസ്തകങ്ങളും മലയാളത്തിലെ ആദ്യകാല ആനുകാലികങ്ങളായ രസികരഞ്ജിനി, മംഗളോദയം, ലക്ഷ്മീഭായ്, സമസ്ത കേരള സാഹിത്യ പരിഷത്ത്, ഉണ്ണിനമ്പൂതിരി, വിദ്യാവിനോദിനി, കൈരളി, സ്വദേശാഭിമാനി, സാഹി ത്യതിലക, മിതവാദി, ജയകേരളം എന്നീ മാസികകൾ ഇ–ബുക്കുകളും, ഇ–ജേർണലുകളുമായി വായന ക്കാർക്ക് ലഭ്യമാക്കി വരുന്നു.

### ഭാരത് ഭവൻ, തിരുവനന്തപുരം

84. കേരളത്തിൽ വസിക്കുന്ന വ്യത്യസ്ത ഭാഷക്കാരുടെ സാംസ്കാരിക സമന്വയത്തിനായി 1984ൽ ഭാരത് ഭവൻ രൂപീകരിച്ചു. ദേശീയ അന്തർദേശീയ സാംസ്കാരിക വിനിമയത്തിനും സമന്വയത്തിനുമായി സ്ഥാപനം നിലകൊള്ളുന്നു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ വിവിധതരത്തിലുള്ള സാസ്കാരിക വർണ്ണക്കാഴ്ചകളൊരുക്കി ഇന്ത്യയിലെയും വിദേശത്തേയും നിരവധി കലാകാരന്മാരെ ഉൾപ്പെടുത്തി സാംസ്കാരിക വിനിമയ പരിപാടികൾ (Cultural Exchange Programmes) നടത്തിവരുന്നു. പ്രതിവാര കലോത്സവങ്ങൾ ദേശീയ തർജ്ജമ ക്യാമ്പ്, കേരള തനിമ, അഥിതി ദേവോഭവ, ദേശീയോത്ഗ്രഥന പരിപാടികൾ, ബഹുഭാഷാ സെമിനാറുകൾ എന്നിവ സംഘടിപ്പിച്ചു വരുന്നു.

### ലളിതകലാ അക്കാദമി, തൃശ്ശൂർ

85. ചിത്രകാരന്മാരുടേയും ശിൽപ്പികളുടേയും കലാവാസന പരിപോഷിപ്പിക്കുന്ന പരിപാടികൾ ലളിതകലാ അക്കാഡമി നടത്തി വരുന്നു. പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിനായി ധനസഹായവും നൽകുന്നുണ്ട്. രാജാരവിവർമ്മക്ക് അദ്ദേഹത്തിന്റെ സ്വന്തം നാട്ടിൽ സ്മാരകം, കാർട്ടൂണിസ്റ്റ് ശങ്കറിന് ജന്മനാട്ടിൽ സ്മാരകം എന്നിവ നിർമ്മിച്ചിട്ടുണ്ട്. കേരളത്തിലെ ചിത്ര ശില്പ കലാകാരന്മാരെ സഹായിക്ക ന്നതിനു വേണ്ടി ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്.

### കേരള സംഗീത നാടക അക്കാദമി, തൃശ്ശൂർ

86. സംഗീതം, നൃത്തം, നാടകം എന്നീ മേഖലകളിൽ സംസ്ഥാനത്തിന്റെ സാംസ്കാരിക പൈതൃകം സംരക്ഷിച്ച് പരിപോഷിപ്പിക്കുന്നതിനായി 1958–ൽ കേരള സംഗീതനാടക അക്കാഡമി സ്ഥാ

പിച്ചു . അമച്ചർ/പ്രൊഫഷണൽ  നാടകോത്സവങ്ങൾ, കലോത്സവങ്ങൾ, സ്വാതി  സംഗീതോൽസവം, ഷഡ്കാല ഗോവിന്ദമാരാർ സംഗീതോത്സവം എന്നിവ സംഘടിപ്പിച്ചു വരുന്നു.

**മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകല അക്കാദമി, കൊണ്ടോട്ടി, മലപ്പുറം**

87. മാപ്പിള കലകളെ പരിപോഷിപ്പിക്കുന്നതിനായി മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി 2013 ൽ കൊണ്ടോട്ടിയിൽ സ്ഥാപിച്ചു. മലബാറിന്റെ ചരിത്രവും, സംസ്കാരവും, പൈതൃകവും, മതസൗഹാർദ്ദവും സംരക്ഷിക്കുവാനും പരിപോഷിപ്പിക്കുവാനുമായി പ്രവർത്തിക്കുന്നു. മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി കോമ്പൗണ്ടിൽ സംസ്ഥാന സർക്കാരിന്റെ ടൂറിസം വകുപ്പ് 77 ലക്ഷം രൂപ ചെലവിൽ ഒരു ചരിത്ര സാംസ്കാരിക മ്യൂസിയം കെട്ടിടം നിർമ്മിച്ചിട്ടുണ്ട്.

**കൊങ്കണി സാഹിത്യ അക്കാദമി, എറണാകുളം**

88. കൊങ്കണിഭാഷാ സാഹിത്യം പരിപോഷിപ്പിക്കുന്നതിനായി 2012 ൽ എറണാകുളം ആസ്ഥാനമായി കൊങ്കിണി സാഹിത്യ അക്കാദമി സ്ഥാപിച്ചു.

**വൈലോപ്പിള്ളി സംസ്കൃതി ഭവൻ, തിരുവനന്തപുരം**

89. കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യത്തിന്റെയും കലാരൂപങ്ങളുടെയും ഗവേഷണത്തിനും അവതര ണത്തിനും സംരക്ഷണത്തിനും ഡോക്യുമെന്റേഷനും ഉള്ള ഒരു സാംസ്കാരിക സമുച്ചയമായി വൈലോപ്പിള്ളി സംസ്കൃതി ഭവൻ പ്രവർത്തിച്ചു വരുന്നു. 2001 ലാണ് സൊസൈറ്റി സ്ഥാപിതമായത്. ശാസ്ത്രീയ നൃത്തരൂപങ്ങൾ, കലാമേളകൾ, കേരള സംസ്കൃതിയെക്കുറിച്ചുള്ള സെമിനാറു കൾ, ശിൽപ്പശാലകൾ, അവതരണങ്ങൾ എന്നിവ വൈലോപ്പിള്ളി സംസ്കൃതി ഭവൻ സംഘടിപ്പി ക്കുന്നു. വർഷംതോറും കുട്ടികൾക്കായുള്ള അവധിക്കാല ക്യാമ്പ്(മാമ്പഴക്കാലം), പ്രതിവാര സാംസ്കാരിക പരിപാടികൾ, മുദ്ര ദേശീയ നൃത്തോൽസവം, താളമഹോത്സവും, സാഹിത്യ ക്യാമ്പ് എന്നിവ സംഘടിപ്പിച്ചു വരുന്നു.

**മാർഗ്ഗി, തിരുവനന്തപുരം**

90. കഥകളി കലാരൂപത്തിന്റെ പരിപോഷണത്തിനായി 1970 ൽ സ്ഥാപിക്കപ്പെട്ട മഹനീയമായ ഒരു സ്ഥാപനമാണ് മാർഗ്ഗി. കഥകളി, കൂടിയാട്ടം, നങ്ങ്യാർകൂത്ത് തുടങ്ങിയ കലകളെ പ്രോത്സാഹിപ്പിക്കുന്ന ഒരു കേന്ദ്രമായി മാർഗ്ഗി മാറിയിരിക്കുന്നു. കളിയോഗ മാതൃകയിലാണ് സ്ഥാപനം പ്രവർത്തിച്ചു പോരുന്നത്. പരമ്പരാഗത രംഗകലകളായ കഥകളി, കൂടിയാട്ടം തുടങ്ങിയവയിൽ സ്ഥിരം പരിപാടികളും, പരിശീലനങ്ങളും, മറ്റു സൗകര്യങ്ങളും ഒരുക്കികൊണ്ട് ഈ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനും സംസ്കാരത്തെയും വിനോദസഞ്ചാരത്തെയും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, തിരുവനന്തപുരം**

91. മലയാളത്തിൽ നല്ല സിനിമകൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി 1998 ൽ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സ്ഥാപിച്ചു. സിനിമാ വ്യവസായത്തെക്കുറിച്ചും, ടെലിവിഷൻ രംഗത്തെക്കുറിച്ചും നയ പരിപാടി കൾ ആസൂത്രണം ചെയ്യുന്നതിൽ അക്കാദമി ഗവൺമെന്റിനെ സഹായിക്കുന്നു. ഫിലിം ഫെസ്റ്റി വൽ, സിനിമാ ആസ്വാദന കോഴ്സുകൾ, ഡോക്യുമെന്ററികൾ എന്നീ

പ്രവർത്തനങ്ങളിലൂടെ സിനി മാ, ടെലിവിഷൻ എന്നീ മാധ്യമങ്ങളിലൂടെ വികസനത്തിനായി അക്കാദമി പദ്ധതികൾ ആവി ഷ്കരിച്ചിരിക്കുന്നു.

92. കേരള അടിസ്ഥാന സൌകര്യ നിക്ഷേപ നിധി ബോർഡ് (Kerala Infrastructure Investment Fund Board –KIIFB) ന്റെ 100 കോടിയും പ്രത്യേക സാമ്പത്തിക സഹായത്തോടെ തിരുവനന്തപുരത്ത് ചിത്രാഞ്ജലി സ്റ്റുഡിയോ കോമ്പൗണ്ടിൽ അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവൽ നടത്തിപ്പിനായി മൾട്ടി പർപ്പസ് ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ് നിർമ്മിക്കുന്ന പദ്ധതി സംസ്ഥാന ചലച്ചിത്ര അക്കാദമി ആവിഷ്കരിച്ചിട്ടുണ്ട്.

**കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ, തോന്നയ്ക്കൽ, തിരുവനന്തപുരം**

93. ദേശീയ സാംസ്കാരിക സ്ഥാപനം എന്ന നിലയിൽ ആശാൻ സ്മാരകം വിവിധ സാംസ്കാരിക പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. ആശാൻ സ്മാരകത്തിന്റെ നവീകരണം, ആശാന്റെ കൈയെഴുത്ത് പ്രതികളുടെ സംരക്ഷണം, വിവിധ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കൽ, ആശാൻ കൃതികളുടെ വിജ്ഞാനകോശം തയ്യാറാക്കൽ, ഗ്രന്ഥസൂചി തയ്യാറാക്കൽ, വിവേകോദയത്തിന്റെ പ്രസിദ്ധീകരണം എന്നിവ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

**കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി, തിരുവനന്തപുരം**

94. സർക്കാർ പ്രസിദ്ധീകരണങ്ങളിലൂടെയും വിവിധ സാംസ്കാരിക സ്ഥാപനങ്ങളിലൂടെയും പുസ്തകങ്ങളും ആനുകൂല്യങ്ങളും വിറ്റഴിക്കുന്നതിനുള്ള സ്ഥാപനമാണ് ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി. ജനങ്ങളുടെ വായനാശീലം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ സൊസൈറ്റി ഏറ്റെടുത്ത് നടത്തുന്നു. വില്പന വർദ്ധിപ്പിക്കുന്നതിനായി പുസ്തകപ്രദർശനങ്ങളും സൊസൈറ്റി ഒരുക്കുന്നു.

**സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്, തൃപ്പൂണിത്തുറ**

95. പുരാവസ്തു ശാസ്ത്രം, പുരാരേഖ പഠനങ്ങൾ, പുരാവസ്തു സംരക്ഷണം, മ്യൂസിയോളജി എന്നീ വിഷയങ്ങളിൽ ഉപരിപഠനങ്ങൾക്കായുള്ള ഒരു സംപൂർണ്ണ ഗവേഷണ കേന്ദ്രമാക്കുക എന്ന ഉദ്ദേശ്യത്തോടെ രണ്ടായിര മാണ്ടിൽ സ്ഥാപിതമായതാണ് ഈ കേന്ദ്രം.

**കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, തിരുവനന്തപുരം**

96. സംസ്ഥാനത്ത് മലയാള സിനിമയുടെ പ്രോത്സാഹനത്തിനും നിർമ്മാണത്തിനും സൗകര്യമൊരുക്കുന്ന തിന്റെ ഭാഗമായി 1975 ൽ സ്ഥാപിതമായി. തിരുവല്ലത്തുള്ള ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ലക്സും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 11 സിനിമാ പ്രദർശനശാലകളും അടങ്ങിയ ശൃംഖല കോർപ്പറേഷന്റെ അധീനതയിൽ ഉണ്ട്. തിയേറ്ററുകളുടെയും സ്റ്റുഡിയോകളുടെയും വികസനവും സിനിമാ സാങ്കേതിക സൗകര്യങ്ങൾ ലഭ്യമാക്കലുമാണ് കോർപ്പറേഷന്റെ മുഖ്യ പ്രവർത്തനങ്ങൾ.

97. KIIFB ന്റെ 150 കോടിയുടെ പ്രത്യേക സാമ്പത്തിക സഹായത്തോടെ തിരുവനന്തപുരം ചിത്രാഞ്ജലി സ്റ്റുഡിയോയെ അന്താരാഷ്ട്ര നിലവാരമുള്ള ഫിലിം സിറ്റിയായി രൂപാന്തരപ്പെടുത്താനുള്ള പദ്ധതി നടപ്പിലാക്കുന്നു എന്നത് KSFDC യുടെ വികസന പാതയിലേയ്ക്കുള്ള കുതിച്ചു ചാട്ടത്തിന്റെ ആദ്യ ചുവടുവയ്പാണ്. ടി പദ്ധതിയുടെ Special Purpose Vehicle, Nodal Agency ആയി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ പ്രവർത്തിക്കുന്നുണ്ട്. വടക്കൻ പരവൂർ, ചിറ്റൂർ ചിത്രാഞ്ജലി

തിയേറ്ററിന്റെ പുനരുദ്ധാരണത്തിനു ഇരട്ടിപ്പിക്കലിനുമായുള്ള പദ്ധതികൾ നടത്താനുദ്ദേശിക്കുന്നു. കൂടാതെ ഗ്രാമീണ മേഖലകളിൽ തിയേറ്റർ ശൃംഖല നിർമ്മിക്കാൻ തുടക്കം കുറിച്ചിട്ടുണ്ട്.

# അനുബന്ധം 1

**തിരുവനന്തപുരം ആസൂത്രണബോർഡ് മെമ്പർ സെക്രട്ടറി പുറപ്പെടുവിച്ച നടപടിക്രമം**

**(സാന്നിദ്ധ്യം : ശ്രീ .വി.എസ്.സെന്തിൽ ഐ.എ.എസ് )**

വിഷയം : പതിമൂന്നാം പഞ്ചവൽസര പദ്ധതി രൂപീകരണം (2017- 2022) — കലാസാംസ്ക്കാരിക മേഖല കർമ്മസമിതി രൂപീകരിക്കൽ -ഉത്തരവ് പ്രസിദ്ധീകരിക്കൽ
സൂചന : സംസ്ഥാന ആസൂത്രണ ബോർഡ് പദ്ധതി ഏകോപന വിഭാഗം മേധാവിയുടെ 6/9/2016 ലെ 260/2016/പി.സി.ഡി/എസ്.പി .ബി നമ്പർ കുറിപ്പ്

---

**നമ്പർ 298/2016/എസ്.എസ്(ഡബ്ല്യൂ 4)/എസ്.പി .ബി തീയതി :19/09/2016**

പതിമൂന്നാം പഞ്ചവൽസര പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് സാമൂഹ്യ സേവന വിഭാഗത്തിനു കീഴിൽ 14 കർമ്മ സമിതികൾ രൂപീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.അതിൻ പ്രകാരം താഴെ പറയുന്ന സഹഅധ്യക്ഷരെയും അംഗങ്ങളെയും ഉൾപ്പെടുത്തി കലാസാംസ്കാരിക കർമ്മസമിതി രൂപീകരിച്ചു.

1. ശ്രീമതി .റാണി ജോർജ്ജ്.ഐ.എ.എസ്
   സെക്രട്ടറി ,സാംസ്ക്കാരിക കാര്യ വകുപ്പ് സഹാധ്യക്ഷ

2. പ്രൊഫ.കെ.സച്ചിദാനന്ദൻ
   നാഷണൽ ഫെല്ലോ,
   ഇന്ത്യൻഇൻസ്റ്റിറ്റ്യൂട്ട് ഓഫ്-സഹാധ്യക്ഷൻ
   അഡ്വാൻസ്ഡ് സ്റ്റഡി
   രാഷ്ട്രപതി നിവാസ്
   ഷിംല
   മൊ.നം.9868232794

3. ശ്രീ. ലെനിൻ രാജേന്ദ്രൻ — അംഗം
   ചെയർമാൻ ,കെ.എസ്.എഫ്.ഡി.സി
   കലാഭവൻ, വഴുതക്കാട്
   rajendranlenin@gmail.com
   മൊ.നം. 9447745666

4. ഡോ.എം.ആർ .രാഘവ വാര്യർ — അംഗം
   റീഡർ ഇൻ എപ്പിഗ്രാഫി
   പി.ഒ. ചേലിയ, കൊയിലാണ്ടി
   കോഴിക്കോട്
   mrrvarrier@gmail.com
   മൊ.നം. 9446319385

5. ഡോ.മൈക്കൽ തരകൻ — അംഗം
   ചേർത്തല ,ആലപ്പുഴ
   miketharakan@yahoo.com
   മൊ.നം. 9562395521

6. ശ്രീമതി.കെ.പി.എ.സി. ലളിത — അംഗം
   ചെയർ പേഴ്സൺ
   സംഗീത നാടക അക്കാഡമി
   തൃശ്ശൂർ-20
   മൊ.നം. 9447038688

7. എം.ജി.രാധാകൃഷ്ണൻ — അംഗം

അതിയാരത്ത്
സംഗമം നഗർ
വള്ളക്കടവ്,തിരുവനന്തപുരം-8
മൊ.നം.8606111139
mgr@asianetnews.in

8. ഡോ .സുനിൽ പി ഇളയിടം — അംഗം
അസ്സോസിയേറ്റ് പ്രൊഫസർ
മലയാള വിഭാഗം ,ശ്രീ ശങ്കരാചാര്യ സർവ്വകലാശാല
കാലടി
മൊ.നം. 9847723477

9. ശ്രീ .റെജികുമാർ — അംഗം
ഡയറക്ടർ,പുരാരേഖ വകുപ്പ്
നളന്ദ,തിരുവനന്തപുരം
മൊ.നം. 9446573759

10. പ്രൊഫ. റ്റി.എ.ഉഷാകുമാരി — അംഗം
പ്രതീക്ഷ ,ഈച്ചരത്ത് പറമ്പിൽ
പന്ന്യംകുളങ്ങര ലെയിൻ ,അയ്യന്തോൾ
തൃശ്ശൂർ-680003
taushakumari@gmail.com
മൊ.നം. 9447771946

11. ഡോ .കെ .വി. കുഞ്ഞികൃഷ്ണൻ — അംഗം
പ്രസിഡന്റ് ,കേരള സ്റ്റേറ്റ് ലൈബ്രറി കൌൺസിൽ
കെ.അനിരുദ്ധൻ റോഡ്
വഴുതക്കാട് ,തിരുവനന്തപുരം
മൊ.നം.9400946218

12. പ്രൊഫ. എം .വി.നാരായണൻ — അംഗം
ഇംഗ്ലീഷ് വിഭാഗം ,കാലിക്കറ്റ് യൂണിവേഴ്സിറ്റി
കാലിക്കറ്റ് യൂണിവേഴ്സിറ്റി.പി.ഒ
മലപ്പുറം -673635
mvnarayanan@gmail.com
മൊ.നം.9744631327

13. ശ്രീ.പി.അപ്പുക്കുട്ടൻ — അംഗം
സ്വരലയം ,മണ്ണാർക്കാട് .പി.ഒ.
പാലക്കാട്
appukkuttanswaralayam@yahoo.com.in
മൊ.നം.9446813244

14. ശ്രീ .മലയിൻകീഴ് ഗോപാല കൃഷ്ണൻ — അംഗം
(റിട്ട.ന്യൂസ് എഡിറ്റർ ,മാതൃഭൂമി )
വയനാട് ഹൌസ് ,റ്റി.സി 29/1741,സി.ആർ.എ 85
വള്ളക്കടവ്.പി.ഒ
തിരുവനന്തപുരം -8
msgktvm@gmail.com
മൊ.നം.9446503503

15. ശ്രീമതി. ജാനമ്മ കുഞ്ഞുണ്ണി — അംഗം
നീഹാരിക ,1678 എ
മരിക്കുന്ന് .കോഴിക്കോട്-673012

janammakunjunni@gmail.com
മൊ.നം.9446094701

16. ശ്രീ . കരിവള്ളൂർ മുരളിഅംഗം
സങ്കേതം ,തളിയിൽ
കല്ല്യാശ്ശേരി .പി.ഒ ,കണ്ണൂർ
മൊ.നം.9847020166

17. ശ്രീ.റൂബിൻ ഡിക്രൂസ് അംഗം
നാഷണൽ ബുക്ക് ട്രസ്റ്റ്
ബി.2. റവന്യൂ ടവർ
പാർക്ക് അവന്യൂ, എറണാകുളം
മൊ.നം.9868279675

18. ശ്രീ .മനോജ്. പുതിയവിളഅംഗം
കെ.ആർ.എ.178,റ്റി.സി.18/776/3,കെ.കെ.റോഡ്
കൊങ്കളം,ആറമല .പി.ഒ
തിരുവനന്തപുരം
മൊ.നം.9847948765

19. പ്രൊഫ .വി.എൻ .മുരളി അംഗം
വസന്തം ,ചെമ്പകശ്ശേരി നഗർ
കേശവദാസപുരം,പട്ടം
തിരുവനന്തപുരം –695004
മൊ.നം.9447046242

20. ശ്രീമതി. ഷൈല ഉണ്ണിത്താൻ കൺവീനർ
ചീഫ്,സോഷ്യൽ സർവ്വീസസ് ഡിവിഷൻ
സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്

21 . ശ്രീമതി .ശാലിനി. എസ് സഹകൺവീനർ
റിസർച്ച് അസിസ്റ്റന്റ്
സോഷ്യൽ സർവ്വീസസ് ഡിവിഷൻ
സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്

**പരിഗണനാ വിഷയങ്ങൾ**

1. പതിനൊന്നും പന്ത്രണ്ടും പദ്ധതികാലയളവുകൾക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് മേഖലയുടെ സമകാലിക ചരിത്രം വിശകലനം ചെയ്യുകയും പ്രധാനപ്പെട്ട പ്രശ്നങ്ങൾ, വെല്ലുവിളികൾ,സാധ്യതകൾ,അവസരങ്ങൾ എന്നിവ കണ്ടെത്തുകയും ചെയ്യുക.
2. ഗവണ്മെന്റിന്റെ വിവിധ തലങ്ങളിലുള്ള സ്ഥാപനങ്ങൾ മുൻകൈ എടുത്തു നടത്തുന്ന പ്രോഗ്രാമുകൾ, പദ്ധതികൾ എന്നിവയെ കേന്ദ്രീകരിച്ച് മേഖലയിലുള്ള സംസ്ഥാന ഇടപെടലിന്റെ പങ്കിനെ വിമർശനാത്മകമായ രീതിയിൽ വിശകലനം ചെയ്യുകയും മേഖലയുടെ മൊത്തത്തിലുള്ള അഭിവൃദ്ധിക്ക് ഒരു സമഗ്ര തന്ത്രം നിർദ്ദേശിക്കുകയും ചെയ്യുക.
3. മേഖലയെ കുറിച്ചുള്ള ലഭ്യമായ വിവരം/ഡേറ്റാഎന്നീ സ്രോതസ്സുകളുടെവിലയിരുത്തലും വിവര ലഭ്യത മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക.
4. ആവർത്തന സ്വാഭാവമുള്ള ഗവണ്മെന്റ് പ്രോഗ്രാമുകൾ / പദ്ധതികൾ എന്നിവ കണ്ടെത്തുന്നതിനും മേഖലയുടെയും സംസ്ഥാനത്തിന്റെയും മൊത്തത്തിലുള്ള വികസനത്തിന് സഹായിക്കുന്ന നവീന ആശയങ്ങൾ /പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക.
5. സംസ്ഥാന ആസൂത്രണ ബോർഡിന്റെ അനുമതിയോടെ സഹാധ്യക്ഷന്മാർക്ക് പരിഗണനാ വിഷയങ്ങൾ പരിഷ്കരിക്കുന്നതിനും കർമ്മസമിതിയ്ക്കുവേണ്ടി വിഷയവുമായി ബന്ധപ്പെട്ട വിദഗ്ധരെ ക്ഷണിക്കുന്നതിനും അധികാരമുണ്ടായിരിക്കും .ഈ ക്ഷണിതാക്കൾ ഉചിതമായ യാത്രാബത്തയ്ക്കും ദിനബത്തയ്ക്കും അർഹരാണ് .

6. 2016 ഡിസംബർ 1 ന് കർമ്മസമിതി കരട് റിപ്പോർട്ട് സംസ്ഥാന ആസൂത്രണ ബോർഡിനു സമർപ്പിക്കണം.

കർമ്മസമിതിയിലെ അനൌദ്യോഗിക അംഗങ്ങൾക്ക് കേരള സർക്കാരിന് കീഴിലുള്ള ക്ലാസ്സ് I ഓഫീസർമാർക്ക് ബാധകമായ ദിനബത്തയ്ക്കും യാത്രാബത്തയ്ക്കും അർഹതയുണ്ട്.ഭാരത സർക്കാരിനു കീഴിലെ ക്ലാസ്സ് I ഓഫീസർമാർക്ക് അതതു വകുപ്പിൽനിന്നും ദിനബത്തയും യാത്രാബത്തയും റീ-ഇംബേഴ്സ് ചെയ്തു കിട്ടുന്നില്ലെങ്കിൽ നിയമാനുസൃതമായ ദിന ബത്തയ്ക്കും യാത്രാബത്തയ്ക്കും അർഹതയുണ്ട്.

ഒപ്പ് /-

**വി.എസ് .സെന്തിൽ.ഐ .എ എസ്**

**മെമ്പർ സെക്രട്ടറി**

**അംഗീകാരത്തോടെ**

**ചീഫ്, സോഷ്യൽ സർവ്വീസസ് ഡിവി ഷൻ**
**സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്**

TO,

1.എല്ലാ അംഗങ്ങൾക്കും
2. സബ് ട്രെഷറി ഓഫീസർ,വെള്ളയമ്പലം

**പകർപ്പ്**

അക്കൗണ്ടന്റ്ജനറൽ ,കേരള (എ&ഇ)
സംസ്ഥാന ആസൂത്രണ ബോർഡിലെ എല്ലാ ഡിവിഷനിലും
സംസ്ഥാന ആസൂത്രണ ബോർഡിലെ..വി.സി യുടെപി.എസിന്
മെമ്പർമാരുടെ സി.എ.മാർക്ക്
മെമ്പർ സെക്രട്ടറി യുടെ പി.എ.യ്ക്ക്
സീനിയർ എ.ഒ.യുടെ സി.എയ്ക്ക്
ഫിനാൻസ് ഓഫീസർ
പ്ലാൻ പബ്ലിക്കേഷൻ ഓഫീസർ
കമ്പ്യൂട്ടർ സെക്ഷൻ
അക്കൗണ്ട് സെക്ഷൻ
സ്റ്റോക്ക് ഫയൽ

**തിരുവനന്തപുരം ആസൂത്രണബോർഡ് മെമ്പർ സെക്രട്ടറി പുറപ്പെടുവിച്ച നടപടിക്രമം**

**(സാന്നിദ്ധ്യം : ശ്രീ .വി.എസ്.സെന്തിൽ ഐ.എ.എസ് )**

വിഷയം : പതിമൂന്നാം പഞ്ചവൽസര പദ്ധതി രൂപീകരണം (2017– 2022) – കലാസാംസ്കാരിക മേഖല കർമ്മസമിതി രൂപീകരിക്കൽ –ഉത്തരവ് പ്രസിദ്ധീകരിക്കൽ

സൂചന : 1.സംസ്ഥാന ആസൂത്രണ ബോർഡ് പദ്ധതി ഏകോപന വിഭാഗം മേധാവിയുടെ 6/9/2016 ലെ 260/2016/പി.സി.ഡി/എസ്.പി .ബി നമ്പർ കുറിപ്പ്

2. 19/9/2016 ലെ 298/2016/എസ് എസ് (ഡബ്ല്യ .4)എസ്.പി.ബി നമ്പർ പ്രൊസീഡിംഗ്സ്

**നമ്പർ 298/2016/എസ്.എസ്(ഡ. ബ്ല്യ 4)/എസ്.പി .ബി** **തീയതി :14/10/2016**

സൂചന രണ്ട് പ്രകാരം താഴെ പറയുന്ന അംഗത്തെ കൂടി കലാസാംസ്കാരിക കർമ്മസമിതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് .

1. ശ്രീ.കെ.കെ.മുഹമ്മദ് (റിട്ട.) — അംഗം
ആർക്കിയോളജി സൂപ്രണ്ട്
ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ
ഡൽഹി

ഒപ്പ് /–
**വി.എസ് .സെന്തിൽ.ഐ .എ എസ്**
**മെമ്പർ സെക്രട്ടറി**

**അംഗീകാരത്തോടെ**
**ചീഫ്, സോഷ്യൽ സർവീസസ് ഡിവി ഷൻ**
**സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്**

TO,

1.എല്ലാ അംഗങ്ങൾക്കും
2. സബ് ട്രെഷറി ഓഫീസർ,വെള്ളയമ്പലം

COPY TO

അക്കൌണ്ടന്റ് ജനറൽ ,കേരള (എ&ഇ)
സംസ്ഥാന ആസൂത്രണ ബോർഡിലെ എല്ലാ ഡിവിഷനിലും
സംസ്ഥാന ആസൂത്രണ ബോർഡിലെ..വി.സി യുടെ പി.എസിന്
മെമ്പർമാരുടെ സി.എ.മാർക്ക്
മെമ്പർ സെക്രട്ടറി യുടെ പി.എ.യ്ക്ക്
സീനിയർ എ.ഒ.യുടെ സി.എയ്ക്ക്
ഫിനാൻസ് ഓഫീസർ
പ്ലാൻ പബ്ലിക്കേഷൻ ഓഫീസർ
കമ്പ്യൂട്ടർ സെക്ഷൻ
അക്കൗണ്ട് സെക്ഷൻ
സ്റ്റോക്ക് ഫയൽ

**തിരുവനന്തപുരം ആസൂത്രണബോർഡ് മെമ്പർ സെക്രട്ടറി പുറപ്പെടുവിച്ച നടപടിക്രമം**

**(സാന്നിദ്ധ്യം: ശ്രീ .വി.എസ്.സെന്തിൽ ഐ.എ.എസ് )**

വിഷയം : പതിമൂന്നാം പഞ്ചവൽസര പദ്ധതി രൂപീകരണം (2017– 2022) – കലാസാംസ്കാരിക മേഖല കർമ്മസമിതി രൂപീകരിക്കൽ –ഉത്തരവ് പ്രസിദ്ധീകരിക്കൽ

സൂചന : 1.സംസ്ഥാന ആസൂത്രണ ബോർഡ് പദ്ധതി ഏകോപന വിഭാഗം മേധാവിയുടെ 6/9/2016 ലെ 260/2016/പി.സി.ഡി/എസ്.പി .ബി നമ്പർ കുറിപ്പ്

2. 19/9/2016 ലെ 298/2016/എസ് എസ് (ഡബ്ലൃ .4)എസ്.പി.ബി നമ്പർ പ്രൊസീഡിംഗ്സ്

3. 14/10/16 ലെ 298/2016/എസ് എസ് (ഡബ്ലൃ .4)എസ്.പി.ബി നമ്പർ പ്രൊസീഡിംഗ്സ്

---

**നമ്പർ 298/2016/എസ്.എസ്(ഡ. ബ്ലൃ 4)/എസ്.പി .ബി** **തീയതി :17/10/2016**

സൂചന രണ്ട് പ്രകാരം താഴെ പറയുന്ന അംഗങ്ങളെ കൂടി കലാസാംസ്കാരിക കർമ്മസമിതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് .

1. ഡോ. കെ.പി.മോഹനൻ — അംഗം
സെക്രട്ടറി ,കേരള സാഹിത്യ അക്കാഡമി തൃശ്ശൂർ

2. ശ്രീ.എൻ .എൻ.റിംസൺ — അംഗം
നെടുംകോട്ടിൽ, റിവർ ഗാർഡൻസ്, കരകുളം

ഒപ്പ് /–
**വി.എസ് .സെന്തിൽ.ഐ .എ എസ്**
**മെമ്പർ സെക്രട്ടറി**

**അംഗീകാരത്തോടെ**
**ചീഫ്, സോഷ്യൽ സർവീസസ് ഡിവിഷൻ**
**സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്**

TO,

1.എല്ലാ അംഗങ്ങൾക്കും
2. സബ് ട്രെഷറി ഓഫീസർ,വെള്ളയമ്പലം

COPY TO

അക്കൌണ്ടന്റ് ജനറൽ,കേരള (എ&ഇ)
സംസ്ഥാന ആസൂത്രണ ബോർഡിലെ എല്ലാ ഡിവിഷനിലും
സംസ്ഥാന ആസൂത്രണ ബോർഡിലെ..വി.സി യുടെ പി.എസിന്
മെമ്പർമാരുടെ സി.എ.മാർക്ക്
മെമ്പർ സെക്രട്ടറി യുടെ പി.എ.യ്ക്ക്
സീനിയർ എ.ഒ.യുടെ സി.എയ്ക്ക്
ഫിനാൻസ് ഓഫീസർ
പ്ലാൻ പബ്ലിക്കേഷൻ ഓഫീസർ
കമ്പ്യൂട്ടർ സെക്ഷൻ
അക്കൗണ്ട് സെക്ഷൻ
സ്റ്റോക്ക് ഫയൽ